പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-361.

10.7.2007-ൽ മറുപടിക്ക്

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.സാജു പോൾ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) കെ.ടി.ഡി.എഫ്.സി കമ്പനീസ് ആക്ട് അനുസരിച്ച് 27.2.1991 ന് രജിസ്റ്റർ ചെയ്യുകയും 16.3.1992-ൽ ബിസിനസ്സ് ആരംഭിക്കുകയും ചെയ്തു. ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായി റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10.3.1993 മുതൽ കമ്പനി പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ചു തുടങ്ങി. കമ്പനിയുടെ അംഗീകൃത മൂലധനം 50 കോടി രൂപയും സർക്കാരിൽ നിന്നും ലഭ്യമായ മൂലധനം 43.83 കോടി രൂപയുമാണ്. കമ്പനിയുടെ 100 ശതമാനം മൂലധനവും കേരള സർക്കാരിന്റേതാണ്.<br>കെ.ടി.ഡി.എഫ്.സി യുടെ മുഖ്യ പ്രവർത്തനങ്ങൾ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും കമ്പനികൾക്കും പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സിക്കും വാഹന വായ്പ നൽകുകയാണ്. കൂടാതെ ഭവന വായ്പയും, വ്യക്തിഗത വായ്പയും കമ്പനി നൽകിവരുന്നുണ്ട്.<br>കെ.ടി.ഡി.എഫ്.സി തുടക്കംമുതലേ ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനിയാണ്. എല്ലാ വർഷവും സർക്കാരിന് ലാഭവിഹിതവും നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ നിക്ഷേപങ്ങൾക്ക് ഗ്യാരൻറി നൽകുന്നതിനാൽ സർക്കാരിന് കൃത്യമായി ഗ്യാരൻറി കമ്മീഷനും നൽകുന്നുണ്ട്. |
| ബി) | കോർപ്പറേഷൻെറ പ്രവർത്തനം കെ.എസ്.ആർ.ടി.സി ക്ക് വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) | കെ.ടി.ഡി.എഫ്.സി യുടെ മുഖ്യ പ്രവർത്തന ലക്ഷ്യം കെ.എസ്.ആർ.ടി.സി ക്ക് വാഹന വായ്പ നൽകുകയും കെ.എസ്.ആർ.ടി.സി യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കേരളത്തിനകത്തെ ഗതാഗത മേഖലയുടെ വിപുലീകരണത്തിനും വേണ്ടി ഹ്രസ്വകാല, ദീർഘകാല വായ്പകൾ നൽകുകയുമാണ്.<br>കെ.ടി.ഡി.എഫ്.സി ഓരോ വർഷവും അനുവദിക്കുന്ന വായ്പയുടെ മുഖ്യ പങ്കും കെ.എസ്.ആർ.ടി.സി ക്കാണ് നൽകിവരുന്നത്. 2004-2005 -ൽ കമ്പനി ആകെ നൽകിയ 153 കോടി രൂപയിൽ 122 കോടി രൂപയും , 2005-2006-ൽ ആകെ നൽകിയ 188 കോടി രൂപയിൽ 131 കോടിയും 2006-2007-ൽ ആകെ നൽകിയ 157 കോടി രൂപയിൽ 130 കോടി രൂപയും കെ.എസ്. ആർ.ടി.സി ക്കാണ് നൽകിയിട്ടുള്ളത്. |
| സി) | കെ.ടി.ഡി.എഫ് സി യുടെ പ്രവർത്തന മേഖല വിപുലീകരിച്ചിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് കോർപ്പറേഷൻ വായ്പ നൽകുന്നത്; | സി) | കെ.ടി.ഡി.എഫ്.സി യുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിൻെറ ഭാഗമായി തിരുവനന്തപുരം ഹെഡ് ഓഫിസിന് പുറമേ തിരുവനന്തപുരം, തിരുവല്ല, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ബ്രാഞ്ച് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. പുതിയതും പഴയതുമായ വാഹനങ്ങൾ വാങ്ങുന്നതിനും. കൂടാതെ ഭവന/വ്യക്തിഗത വായ്പകളും കമ്പനി നൽകിവരുന്നു. കെ.ടി.ഡി. എഫ്.സി എം.എൽ.എ. മാർക്കും, എം.പി.മാർക്കുമുള്ള ഒരു പ്രത്യേക വാഹന വായ്പാപദ്ധതി 2003-ലും 2006 മുതലും നടപ്പിലാക്കിവരുന്നു. വാഹന നിർമ്മാതാ |

3613

ക്കളിൽ നിന്നും കമ്പനിക്കു ലഭിക്കുന്ന ഡിസ്ക്കൗണ്ട് വരവ് വച്ച് കുറഞ്ഞ പലിശ നിരക്കിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഇതുവരെ 264.49 ലക്ഷം രൂപ വാഹന വായ്പയായി നൽകിയിട്ടുണ്ട്. കൂടാതെ പ്രവർത്തന മേഖല വ്യാപിപ്പി ക്കുന്നതിന്റെ ഭാഗമായി ബി.ഒ.ടി. വ്യവസ്ഥയിൽ വഴുതക്കാട് ജംഗ്ഷനിൽ ട്രാൻസ് ടവേഴ്സ് എന്ന 10 നിലകളുള്ള ബഹുനില മന്ദിരം നിർമ്മിക്കുകയുണ്ടായി. ഇതിന്റെ വിജയകരമായ പൂർത്തികരണ ത്തെതുടർന്ന് അങ്കമാലിയിൽ കെ.എസ്. ആർ.ടി.സി ബസ് സ്റ്റേഷനിൽ ബി.ഒ.ടി. വ്യവസ്ഥയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് സർക്കാർ (ജി.ഒ.(എം.എസ്)നമ്പർ.22/2007/ട്രാൻ.തീയതി 10.5.2007) കെ.ടി.ഡി.എഫ്.സി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് പല ബി.ഒ.ടി. പ്രോജക്റ്റുകളും ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിഗണിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഭവന നിർമ്മാണത്തിന് കമ്പനി എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്? | ഡി) | കെ.ടി.ഡി.എഫ്.സി ഇതുവരെ 412 പേർക്ക് ഭവന വായ്പ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 362 — 10.7.2007 ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ റവന്യൂ അദാലത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വാട്ടർ അതോറിറ്റി നടത്തുന്ന റവന്യൂ അദാലത്തുകൾ മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | എ) കേരളാ വാട്ടർ അതോറിറ്റി സംഘടിപ്പിച്ച റവന്യൂ അദാലത്തുകൾ മുഖേന ദീർഘ കാലമായി നിലനിന്നിരുന്ന വാട്ടർ ചാർജ്ജിനെ സംബന്ധിച്ച ഉപഭോക്താക്കളുടെ പരാതികൾക്ക് ഒറ്റ ദിവസം കൊണ്ട് പരിഹാരം കാണുവാനും അതുവഴി കാലപ്പഴക്കം ചെന്ന വാട്ടർ ചാർജ്ജ് കുടിശ്ശികകൾ ഒരു അളവു വരെ പിരിച്ചെടുക്കുവാനും കഴിഞ്ഞു, കോടതികളിൽ നിലനിന്നിരുന്ന പല കേസുകളും കോടതിക്കു പുറത്ത് തീർപ്പാക്കുവാനും വ്യവഹാരങ്ങളിലേക്ക് നയിക്കുമായിരുന്ന കുടിശ്ശിക സംബന്ധിച്ച പല പരാതികളും അദാലത്തുകൾ മുഖേന പരിഹാരം കാണുവാനും സാധിച്ചു. |
| ബി) എത്ര ജില്ലകളിൽ അദാലത്ത് നടത്തി; ഇവിടെ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | ബി) കേരളാ വാട്ടർ അതോറിറ്റി 14 ജില്ലകളിലും റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ചു. എല്ലാ ജില്ലകളിൽ നിന്നുമായി 4207 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| സി) അദാലത്തിൽ ലഭിച്ച പരാതികളുടെ പൊതു സ്വഭാവം എന്താണ്? | സി) അദാലത്തിൽ ലഭിച്ച പരാതികളുടെ പൊതുസ്വഭാവം താഴെ ചേർക്കുന്നു.<br>1. ശ്രദ്ധയിൽപ്പെടാത്ത ലീക്കുകൾ മുഖേനയുണ്ടായ അധിക ബില്ലിനെ സംബന്ധിച്ച്. |

2. ഒരു പ്രത്യേക പ്രദേശത്ത് വെള്ളം ലഭ്യമായിട്ടില്ലാത്ത കാലയളവിലെ വാട്ടർ ചാർജ്ജിനെ സംബന്ധിച്ച്
3. മീറ്റർ പ്രവർത്തന ക്ഷമമല്ലാത്ത കാലയളവിൽ ശരാശരി ഉപഭോഗം കണക്കാക്കിയതിലുണ്ടായ അപാകതകൾ സംബന്ധിച്ച്
4. ഗാർഹികേതര, വ്യാവസായിക ഉപഭോക്താക്കൾക്ക് പിഴയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്
5. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സ്പെഷ്യൽ കണക്ഷനുകൾ ഗാർഹിക/ഗാർഹികേതരമായി മാറ്റുവാൻ കാലതാമസം വന്നതു കാരണം ഉണ്ടായ അധിക ബില്ലിനെ സംബന്ധിച്ച്
6. അടിസ്ഥാനരഹിതമായ കാരണങ്ങളാൽ ഗാർഹിക കണക്ഷനുകൾ ഗാർഹികേതരമായും ഗാർഹികേതര കണക്ഷനുകൾ വ്യാവസായികമായും മാറ്റിയത് സംബന്ധിച്ച്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ- 363 | 10/07/2007-ൽ മറുപടിയ്ക്ക്

## അധികാര വികേന്ദ്രീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എം.ചന്ദ്രൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) അധികാര വികേന്ദ്രീകരണം പൂർണ്ണമായി നടപ്പാക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്നും ഇതു പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടി എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ)അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും കൈമാറിയിട്ടുള്ളതുമായ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി നടപ്പാക്കുന്നതിന് ചില തടസ്സങ്ങൾ ഇപ്പോഴും നിലനില്ക്കുന്നുണ്ട്.<br>(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധമായ ചുമതലകൾ നിർവ്വഹിക്കത്തക്ക രീതിയിൽ മതിയായ ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ട്. പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ചുമതലകൾ നടപ്പിലാക്കാനാവശ്യമായ ജീവനക്കാരുടെ സേവനം പൂർണ്ണമായും ഫലപ്രദമായും ലഭ്യമായിട്ടില്ലാത്തതിനാൽ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ പ്രാപ്യമായിട്ടില്ല<br>(2) വിവിധ വകുപ്പിൽ നിന്നും പുനർവിന്യസിക്കപ്പെട്ടെങ്കിലും ജീവനക്കാരിൽ പലരും സ്ഥാനമേറ്റിട്ടില്ല. 2000 ൽ വിന്യസിക്കപ്പെട്ടവരുടെ എണ്ണം 2003 ൽ കുറയ്ക്കുകയും ചെയ്തു. |

(3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിവിധ വകുപ്പുകളിൽനിന്നും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ചുമതലകൾ നിയമപരമായി കൈമാറിയിട്ടുണ്ടെങ്കിലും വകുപ്പുകൾ തമ്മിലുള്ള സമന്വയം പൂർണ്ണമായി നടന്നിട്ടില്ല.

(4) നിലവിലുള്ള പഞ്ചായത്ത്‌രാജ് ആക്ട് മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലും ചട്ടങ്ങളിലും ഇതിനനുസൃതമായ ഭേദഗതികൾ മുഴുവൻ വരുത്തുന്നതിനും ഇതതനുസരിച്ച് ആവശ്യമായ ചട്ടങ്ങളും നിയമങ്ങളും പൂർത്തിയാക്കുന്നതിനും സാധിച്ചിട്ടില്ല.

(5) ധന വിനിയോഗവുമായി ബന്ധപ്പെട്ട് കൃത്യതയുള്ള അക്കൗണ്ടിങ്ങ് പരിശോധന സംവിധാനം ഇനിയും നടപ്പിലാക്കേണ്ടതുണ്ട്.

(6) പഞ്ചായത്തുകൾ നടപ്പാക്കി വരുന്ന വികേന്ദ്രീയാസൂത്രണ പ്രക്രിയകളിൽ പൊതുജന പങ്കാളിത്തം പൂർണ്ണ രീതിയിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

(7) പദ്ധതികളുടെ നടത്തിപ്പിൽ ജില്ലാ ആസൂത്രണം ഫലപ്രദമാക്കാൻ സാധിച്ചിട്ടില്ല.

(8) കേന്ദ്രപദ്ധതികൾ സംസ്ഥാന പദ്ധതികൾ ജില്ലാ/ബ്ലോക്ക്/ഗ്രാമതലപദ്ധതികൾ ഇവയുടെ സംയോജനം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

(9)തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ പരിപൂർണ്ണമായ വിലയിരുത്തലിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായിട്ടില്ല.

ഈ തടസ്സങ്ങൾ മാറ്റാൻ പ്രധാനമായും താഴെ പ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(1) പഞ്ചായത്തുകളുടെ ചുമതലകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തസ്തികകളുടെ ഒരു പഠനം CMD (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) വഴി നടത്തിയിട്ടുള്ളതും ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(2) മന്ത്രിസഭായോഗതീരുമാനമനുസരിച്ച് ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പുനർവിന്യാസം സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ചചെയ്യാൻ വിളിച്ചയോഗത്തിലെ തീരുമാന പ്രകാരം വിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം അടിയന്തിരമായി ലഭ്യമാക്കുവാനും ജോലിക്ക് ഹാജരാകാത്തപക്ഷം ശിക്ഷണനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(3) പതിനൊന്നാംപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൈമാറിയ സ്ഥാപനങ്ങളും പഞ്ചായത്തുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(4) പദ്ധതിനടത്തിപ്പ്, പദ്ധതി രൂപീകരണം ധനവിഭവസമാഹരണം, മോണിറ്ററിംങ്ങ് സംവിധാനം, ജനപങ്കാളിത്തം, ഓഫീസ് സംവിധാനം, മെച്ചപ്പെടുത്തൽ, ജില്ലാ പ്ലാനിംഗ് ഇവയ്ക്ക് മുൻഗണന നല്കുന്നതാണ്.

(5) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിന് ഉതകുമാറ് സ്റ്റോർ പർച്ചേഴ്സ് മാന്വൽ, അക്കൗണ്ട് ആന്റ് ആഡിറ്റ് മാന്വൽ,

പി.ഡബ്ല്യു.ഡി മാന്വൽ തുടങ്ങിയവ ഉണ്ടാക്കാൻ

നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇത് സംബന്ധിച്ച് പഠിക്കുന്നതിന് കൺസൽട്ടേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും നിലവിലുള്ള നിയമത്തിലെ പരിമിതികളും ആവശ്യകതയും കണക്കിലെടുത്ത് ചട്ടങ്ങളും നിയമങ്ങളും രൂപീകരിക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനുംശ്രീ.വി.ജെ.തങ്കപ്പൻ ചെയർമാനായുള്ള ഒരു കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമായി നടന്നുവരുന്നു.

(സി) കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

(സി) ശ്രീ.വി.ജെ.തങ്കപ്പൻ കമ്മിറ്റി പ്രവർത്തനം തുടങ്ങിയതു മുതൽ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റി ഇതുവരെ താഴെ പറയുന്ന ചട്ടങ്ങളുടെ കരട് പരിശോധന നടത്തി സമർപ്പിച്ചിട്ടുണ്ട്.

1. കേരളപഞ്ചായത്ത്രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ 2007.

2. കേരള പഞ്ചായത്ത്രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2007.

[signature]

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *364 — 10-7-2007-ൽ മറുപടിക്ക്

### ഫ്ളാറ്റുകൾക്ക് ഇളവ് നൽകിയതിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. യൂസഫ്:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. എ. സി. മൊയ്തീൻ:<br>ശ്രീ. എ. പ്രദീപ് കുമാർ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിലെ മേഖലാ നിയന്ത്രണത്തിൽ ഇളവു നൽകാൻ സർക്കാരിന് അധികാരമില്ലെന്ന ഹൈക്കോടതി ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം മുൻ സർക്കാരിന്റെ കാലത്ത് കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നിരവധി ഫ്ളാറ്റുകൾക്കും കെട്ടിടങ്ങൾക്കും ഇളവു നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കോടതിയലക്ഷ്യം പോലും വകവയ്ക്കാതെ വൻകിടക്കാർക്കുവേണ്ടി നൽകിയ ഇളവുകൾക്കു പിന്നിലെ ക്രമക്കേട് അന്വേഷിക്കുമോ; ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) & (ബി) ഉണ്ട്.<br>7.11.2005 - ലെ ഒ. പി. നമ്പർ 8740/97 (S) - ലുള്ള കോടതി വിധി ലഭിച്ചശേഷം നഗരാസൂത്രണ പദ്ധതിയിൻമേൽ മേഖലായിളവ് നൽകിക്കൊണ്ട് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും മുൻ ചീഫ് ടൗൺ പ്ലാനർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും മേഖലായിളവ് നൽകിയ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോടതി വിധി ലഭിച്ച 23.11.2005-നു ശേഷവും സർക്കാർ മേഖലായിളവ് നൽകിയതായി കാണുന്നു. മേൽ ഉത്തരവുകൾ സർക്കാർ പരിശോധിക്കുകയും O.P. No.8740/97 (S) നമ്പർ കേസിന്റെ വിധി പകർപ്പ് ലഭിച്ചതിന് ശേഷം നൽകിയ എല്ലാ മേഖലായിളവ് ഉത്തരവുകളും റദ്ദുചെയ്യുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | നിയമ വിരുദ്ധമായി ഇളവു നേടി നിർമ്മിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ? | (സി) | നിയമ വിരുദ്ധമായി ഇളവ് നേടി നിർമ്മിച്ച കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 365 | 10 . 7 . 2007 ൽ മറുപടിക്ക്

### ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗസ്<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.കെ. ദിവാകരൻ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വിശദമാക്കുമോ; | എ) ദേശസാൽകൃത റൂട്ടുകളിൽ ദേശസാൽക്കരണ പദ്ധതിക്ക് അനുസൃതമല്ലാതെ സ്വകാര്യവാഹനങ്ങൾക്ക് പെർമിറ്റ് നൽകുവാൻ പാടില്ലെന്നാണ് നിയമം. ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുക എന്നത് സർക്കാരിന്റെ നയമല്ല. |
| ബി) ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | ബി) ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനും, യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസംവിധാനം നൽകുന്നതിനും ഈ മേഖലയിലെ ഷെഡ്യൂളുകളും ട്രിപ്പുകളും പുനഃക്രമീകരണം നടത്തിവരികയാണ്. ഇത് കൂടാതെ ചെയിൻ സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തി യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികളും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ കാര്യങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിലേക്ക് ഓരോ ജില്ലയിലെയും കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. |

സി) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകുന്നതിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

സി) നിലവിലുള്ള ദേശസാൽക്കരണ പദ്ധതികൾ പ്രധാനമായും മൂന്നു വിധത്തിലാണ്. സ്വകാര്യ ബസ്സുകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള കംപ്ലീറ്റ് എക്സ്ക്ലൂഷൻ സ്കീം. ഭാഗികമായി ഒഴിവാക്കിക്കൊണ്ടുള്ള പാർഷ്യൽ എക്സ്ക്ലൂഷൻ സ്കീം., നിലവിലുള്ള സ്വകാര്യ സർവ്വീസുകളെ നിലനിർത്തിക്കൊണ്ടുള്ള സപ്ലിമെന്റേഷൻ സ്കീം എന്നിവയാണ്. ഇവയിൽത്തന്നെ പല പദ്ധതികൾക്കും വിഭിന്ന വ്യവസ്ഥകൾ ആണുള്ളത്. ചില റൂട്ടുകളിൽ റൂട്ടിലെ രണ്ട് നിശ്ചിത സ്ഥലങ്ങൾതമ്മിൽ ബന്ധിപ്പിച്ച് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകുവാൻ കഴിയുകയില്ല, ചില റൂട്ടുകളിൽ നിശ്ചിത ദൂരത്തിൽ സ്വകാര്യവാഹനങ്ങൾ നിർത്തി ആളെടുക്കാൻ പാടില്ല, തുടങ്ങിയവയാണ്.

ഡി) മുൻ സർക്കാരിന്റെ കാലത്ത് ദേശസാൽകൃത മേഖലയിലെ 31 റൂട്ടുകളിൽ സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകിയ നടപടി റദ്ദുചെയ്യാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഡി) ദേശസാൽകൃത മേഖലയിലെ 31 റൂട്ടുകളിൽ സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ടു 9-5-2006 ൽ പുറപ്പെടുവിച്ച 12951/ബി1/2001/ഗതാഗതം. നമ്പർ വിജ്ഞാപനം റദ്ദാക്കി, 9-5-2007 ലെ 12951/ബി1/2001/ഗതാഗതം. എന്ന പരിഷ്കരിച്ച കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 366

10.7.2007-ൽ മറുപടിയ്ക്ക്

ജല സാക്ഷരതാ വർഷം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. എ. എം. യൂസഫ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)ഈ വർഷം 'ജല സാക്ഷരതാ' വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി 'എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | (എ) ജല സാക്ഷരതാ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികളാണ് നടപ്പിലാക്കുന്നത്. മഴവെള്ള സംഭരണം, ഭൂഗർഭ ജല പരിപോഷണം, കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം എന്നീ മേഖലകളാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. വിപുലമായ ജനകീയ അവബോധ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2007 മാർച്ച് 22 ന് നടത്തി.<br>പ്രധാന പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. പ്രചാരണ പ്രവർത്തനങ്ങൾ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ ഏറ്റെടുത്ത് നടത്തപ്പെടുന്നു. ആകാശവാണിയിൽ ജല സംരക്ഷണത്തിനായി സാമൂഹ്യ ജല സുരക്ഷ പരിപാടിയിലുൾപ്പെടുത്തി ചർച്ചകൾ, പ്രഭാഷണങ്ങൾ, ചോദ്യോത്തര പരിപാടികൾ എന്നിവ ആരംഭിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്കായി സ്കൂൾ, ജില്ലാ സംസ്ഥാന തലങ്ങളിൽ ജല സംരക്ഷണ പ്രശ്നോത്തരി സംഘടിപ്പിക്കുന്നതാണ്. ജില്ലാതലം മുതലുള്ള മത്സരങ്ങൾ ദൂരദർശൻ സംപ്രേഷണം ചെയ്യുന്നതാണ്. മഴവെള്ള സംഭരണം, ജല |

..2

സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ച സ്കൂളുകൾക്ക് ജില്ലാ സംസ്ഥാനതലങ്ങളിൽ അവാർഡുകൾ നൽകുന്നതാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ജലാവബോധം സൃഷ്ടിക്കുന്നതിനായി കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം.ന്റെ നേതൃത്വത്തിൽ പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ അദ്ധ്യാപകർക്കായി ശില്പശാലകൾ സംഘടിപ്പിച്ച് കൈപുസ്തക ഉള്ളടക്കത്തെ സംബന്ധിച്ച് പരിശീലനങ്ങൾ നടത്തും. സംസ്ഥാനത്തെ കിണറുകളുടെ ഗുണനിലവാരം ജന പങ്കാളിത്തത്തോടെ പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കും. കൂടാതെ സ്ലൈഡുകൾ, ഫ്ളെക്സുകൾ, പോസ്റ്ററുകൾ പരസ്യങ്ങൾ എന്നിവ നൽകുന്നതാണ്. പരിപാടിയുടെ ഭാഗമായി ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതാണ്. പദ്ധതിയുടെ വിജയത്തിനായി ജലവിഭവ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല ജല സാക്ഷരതാ സംഘാടക സമിതിയും വിവിധ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു നിർവ്വഹണ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഏതെല്ലാം വകുപ്പുകളുടേയും ജനവിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട് ;

(ബി) ജലവിഭവ വകുപ്പിനെ കൂടാതെ പ്രധാനമായും തദ്ദേശ സ്വയം ഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, മറ്റു വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതികൾ സംഘടിപ്പിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ സ്കൂൾ-കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ വൻതോതിലുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) സ്കൂൾ തല പ്രശ്നോത്തരി സ്കൂളുകൾക്ക് അവാർഡ്, വിവിധ മത്സരങ്ങൾ എന്നിവയിലൂടെ വർദ്ധിച്ച വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പാക്കുവാനും പരിപാടി നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 367** 10/07/2007ൽ മറുപടിയ്ക്ക്

**സാങ്കേതിക ഉപദേശക ഗ്രൂപ്പുകളുടെ രൂപീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ രാജൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും ഈ ഗ്രൂപ്പുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും (2007-08) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 14.05.07-ലെ ജി.ഒ.(എം.എസ്) 128/2007/ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവയുടെ ചുമതലകളും പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പരിശോധന നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിനും വേണ്ടി ജില്ലാതലത്തിലും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും യഥാക്രമം മുനിസിപ്പാലിറ്റി കോർപ്പറേഷൻ തലത്തിലും ടെക്നിക്കൽ അഡൈ്വസറി |

ഗ്രൂപ്പുകൾ(റ്റി.എ.ജി)രൂപീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.സർക്കാർ വകുപ്പുകൾ, പ്രൊഫഷണൽ കോളേജുകൾ, അക്കാദമിക് സ്ഥാപനങ്ങൾ, പൊതുമേഖലാ/സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ, ഗവണ്മെൻറിതര സംഘടനകൾ, ബാങ്കുകൾ എന്നിവയിലെ വിദഗ്ദ്ധർ, റിട്ടയർ ചെയ്ത വ്യക്തികൾ, പ്രാക്ടീഷണർമാർ എന്നിവരെയാണ് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളിൽ അംഗങ്ങളായി നാമ നിർദ്ദേശം ചെയ്യേണ്ടത്.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ നിർദ്ദിഷ്ട മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയതാണെന്നും നിലവിലുള്ള സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും, എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത് യുക്തിപൂർവ്വമാണോ എന്ന് പരിശോധിക്കുകയും പുതിയ സംയോജിതമായ പദ്ധതികൾ ശുപാർശ ചെയ്യുകയുമാണ് സാങ്കേതിക ഉപദേശക സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ. -

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.368 10-7-2007-ൽ മറുപടിക്ക്

**<u>മാലിന്യ നിർമ്മാർജ്ജനത്തിനു നിയമം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ബാബുപ്രസാദ്<br>ശ്രീ.വി ഡി.സതീശൻ<br>ശ്രീ.കെ ബാബു | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) മാലിന്യ നിർമ്മാർജ്ജനത്തിനും ജലമലിനീകരണം തടയുന്നതിനുമായി പഞ്ചായത്ത്/മുനിസിപ്പൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| ബി) പരിസരമലിനീകരണം നടത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുമോ? | ബി) നിലവിൽ വ്യവസ്ഥ ഉണ്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 219 എ) മുതൽ 219 എസ് വരെയുള്ള വകുപ്പുകളിലും 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 340-ാം വകുപ്പിലും നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇവ കൂടുതൽ കർശനമായി നടപ്പാക്കാൻ ആലോചനയുണ്ട് |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ-369.

10.7.2007-ൽ മറുപടിക്ക്

## മോട്ടോർ വാഹന വകുപ്പിൻെറ സേവനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട ഫോറങ്ങൾ, അപേക്ഷകൾ മുതലായവ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ അച്ചടിച്ച് കൗണ്ടർ സ്ഥാപിച്ച് മിതമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്ത്, ഇടനിലക്കാരുടെ ചൂഷണം തടയുവാൻ നടപടി സ്വീകരിക്കുമോ; | എ) മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട ഫോറങ്ങൾ ഗവൺമെൻറ് പ്രസ്സിൽ പ്രിൻറ് ചെയ്ത് ആർ.ടി.ഓഫീസുകളിലെ കൗണ്ടർ വഴി വില ഈടാക്കാതെ നൽകുന്നുണ്ട്. പൊതുജന സൗകര്യാർത്ഥം www.kerala motor vehicles.com എന്ന ഡിപ്പാർട്ട്മെൻറൽ വെബ് സൈറ്റിൽ നിന്നും ഫോമുകളുടെ മാതൃക ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനുള്ള സൗകര്യവും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് തുടങ്ങിയവയെ സംബന്ധിച്ച ഫോറങ്ങൾ ലഘൂകരിച്ച് പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; | ബി) കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ചാണ് ഫോറങ്ങൾ പ്രിൻറ് ചെയ്തിരിക്കുന്നത്. ആയത് ലഘൂകരിക്കുന്നതിന് കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ കേന്ദ്ര സർക്കാരാണ് ഭേദഗതി വരുത്തേണ്ടത്. |
| സി) ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സമയബന്ധിതമായി നൽകുവാൻ സംവിധാനം ഏർപ്പെടുത്തുമോ; | സി) ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ വകുപ്പിലെ 61 ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 സബ് ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം ത്വരിതഗതിയിൽ നടന്നുവരികയാണ്. |

| | | | |
|---|---|---|---|
| ഡി) | മോട്ടോർ വാഹന വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനങ്ങളിലെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; പരിഹാര നിർദ്ദേശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ? | ഡി) | വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവിന് ആനുപാതികമായ ജീവനക്കാർ ഇല്ലാത്തതാണ് മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന ന്യൂനത. വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.370 — 10.7.2007-ൽ മറുപടിക്ക്

## പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ റ്റി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) 'പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പദ്ധതി' സംസ്ഥാനത്തു നടപ്പിലാക്കിയതിനുശേഷം എത്ര കുട്ടികൾക്കു പോളിയോ ബാധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) കണക്കാക്കിയിട്ടുണ്ട്. 1995 മുതൽ പൾസ് പോളിയോ പ്രോഗ്രാം തുടങ്ങിയ ശേഷം ഇന്നുവരെ - മലപ്പുറം ജില്ലയിലെ ഒരു കുട്ടിക്ക് 2000ൽ പോളിയോ ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പോളിയോ ഫ്രീ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) ലോകാരോഗ്യസംഘടനയുടെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാരിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കിവരുന്ന ഒരു പരിപാടിയാണ് ദേശീയ പോളിയോ നിർമ്മാർജ്ജന യജ്ഞം. അതിനായി താഴെ പറയുന്ന കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.<br>1. വർഷം തോറും നടപ്പിലാക്കിവരുന്ന പൾസ് പോളിയോ പരിപാടി പ്രകാരം നിശ്ചിത ദിവസങ്ങളിൽ 5 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് നൽകിവരുന്നു.<br>2. സാർവ്വത്രിക രോഗപ്രതിരോധ പരിപാടി ഊർജ്ജിതപ്പെടുത്തുക എന്ന പദ്ധതിയുടെ ഭാഗമായി ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് 6 [illegible] നൽകിവരുന്നു. ഈ പരിപാടിയുടെ കവറേജ് 80%-ത്തിൽ കൂടുതലായിരിക്കണമെന്നാണ്. കേരളം ഈ ലക്ഷ്യം കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്.<br>3. ഊർജ്ജിത എ.എഫ്.പി. സർവൈലൻസ് പദ്ധതി അനുസരിച്ച് 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഞരമ്പ് സംബന്ധമായ തളർച്ച ബാധിച്ചാൽ അവരെ കൃത്യമായി പരിശോധിച്ച് പോളിയോ രോഗാണുക്കൾ മൂലമല്ല തളർച്ച ബാധിച്ചത് എന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br><br>2000-ത്തിനുശേഷം കേരളത്തിൽ പോളിയോരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എങ്കിലും ഇതര സംസ്ഥാന |

| | |
|---|---|
| | സംസ്ഥാനങ്ങളിൽ പോളിയോരോഗം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ലോകാരോഗ്യ സംഘടന ഒരു രാജ്യത്തെ മൊത്തമായാണ് പോളിയോ വിമുക്തമായി പ്രഖ്യാപിക്കുന്നത്. അതുകൊണ്ട് കേരളത്തെ മാത്രമായി പോളിയോ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിയില്ല. |
| സി) പോളിയോ വാക്സിൻ ട്രാൻസ്പോർട്ടിംഗ് നടത്തുന്നതിനിടയിലും സംഭരണകേന്ദ്രങ്ങളിലും വച്ച് ഗുണമേന്മ നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്? | സി) 1. വാക്സിന്റെ നിർമ്മാണം മുതൽ വിതരണം വരെ കൃത്യമായ ശീതശൃംഖലാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>2. ഓരോ കുപ്പി വാക്സിനിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വാക്സിൻ വയൽ മോണിറ്റർ സംവിധാനമുണ്ട്..<br>3. വാക്സിൻ വയൽ മോണിറ്റർ പ്രകാരം ഗുണനിലവാരം കുറഞ്ഞ വാക്സിനുകൾ അപ്പപ്പോൾ നശിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.371 — 10-7-2007-ൽ മറുപടിക്ക്

## വാഹന പാർക്കിംഗ് സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വൻകിട ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുമ്പോൾ ആവശ്യമായ വാഹന പാർക്കിംഗ് സൗകര്യം നിർബന്ധമാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | എ) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം വാഹന പാർക്കിംഗ് സൗകര്യങ്ങൾ നൽകുവാൻ വ്യവസ്ഥയുണ്ട്. |
| ബി) ഈ വ്യവസ്ഥ ലംഘിച്ചിട്ടുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഈ വ്യവസ്ഥ കർശനമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | സി) കെട്ടിട നിർമ്മാണത്തിന് മുമ്പായി പ്ലാനുകൾ അംഗീകരിക്കുമ്പോൾ വാഹന പാർക്കിംഗ് സൗകര്യം ഉള്ള പ്ലാനുകൾക്ക് മാത്രമെ അംഗീകാരം നൽകുകയുള്ളു. നിർമ്മാണം ആരംഭിക്കുന്ന സമയത്തു തന്നെ ഇക്കാര്യത്തിൽ സ്ഥല പരിശോധന നടത്തി, മുനിസിപ്പൽ |

എഞ്ചിനീയർമാർ ഉറപ്പു വരുത്തുന്നതാണ്. വ്യവസ്ഥ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയവ തിരുത്തുന്നതിനും, വേണ്ടിവന്നാൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം.നമ്പർ 372 10/7/07-ൽ മറുപടിക്ക്

മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. പി.ടി. എ. റഹീം<br>ശ്രീ. ബാബു. എം. പാലിശ്ശേരി. | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;<br><br>*ബി) പദ്ധതിക്ക് കേന്ദ്രസഹായം* ലഭിക്കുമോ; എങ്കിൽ എന്തെല്ലാം; | (എ&ബി)<br>മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ യുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1) മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം.<br>ഈ ആശുപത്രിയുടെ വികസനത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുതിയ വാർഡുകളും മറ്റ് കെട്ടിടങ്ങളും ടി പ്ലാൻ അനുസരിച്ചാണ് പണിയുന്നത്.<br>സൈക്യാട്രിയിൽ പോസ്റ്റ്ഗ്രാജേറ്റ് *ബിരുദമായ ഡി.എൻ.*ബി. കോഴ്സ് നടത്തിവരുന്നു. പി.ജി. വിദ്യാർത്ഥികളായ രണ്ടു ഡോക്ടർ മാരുടെ സേവനം ഇതിന്റെ ഭാഗമായി അധികം ലഭിക്കുന്നുണ്ട്.<br>മെച്ചപ്പെട്ട ചികിത്സയും ആശയവിനിമയവും അക്കാദമിക് മികവും ലക്ഷ്യമിട്ടു ടെലിമെഡിസിൻ സംവിധാനം നടപ്പിലാക്കി. ഈ സ്ഥാപനത്തിന് അനുവദിച്ച ഇസി.എസ്.ഐ.പി. പ്രോജക്ടിന്റെ |

ഭാഗമായി കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും കേന്ദ്രം നിർമ്മാണം പൂർത്തിയാക്കിവരുന്നു.

*. 6 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ അദ്ധ്യാപകർക്കുള്ള പരിശീലനവും വിദ്യാർത്ഥികൾക്കുള്ള അവബോധ*ക്ലാസ്സുകളും നടന്നുവരുന്നു

നാഷണൽ റൂറൽ ഹെൽത്ത് മിഷൻെറ ഭാഗമായി 5 നേഴ്സുമാരെ അധികമായി നിയമിച്ചിരിക്കുന്നു. ആദ്യമായി പ്രവേശിപ്പിക്കപ്പെടുന്നരോഗികൾക്കും, ശാരീരിക രോഗങ്ങളും മാനസികരോഗങ്ങളും ഒരുമിച്ചുണ്ടാവുന്ന രോഗികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ *ബിഹേവിയർ ഇന്റൻസീവ് കെയർ യൂണിറ്റ്* (ബി.ഐ.സി.യു) പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റിനുവേണ്ട ഡോക്ടർമാർ-2, നഴ്സുമാർ-4, നേഴ്സിംഗ് അസിസ്റ്റന്റ്-4, സെക്യൂരിറ്റി ഗാർഡ് -2 എന്നീ തസ്തികകൾ കഴിഞ്ഞവർഷം അനുവദിക്കുകയുണ്ടായി.

2002-2003-ൽ കേന്ദ്രസഹായമായി ലഭിച്ച 130 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. 2005-2006-ൽ 250 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചു. ഈ തുക ഉപയോഗിച്ച് രണ്ടു വാർഡുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

2) <u>മാനസികാരോഗ്യകേന്ദ്രം - തൃശ്ശൂർ</u>

20052006 കേന്ദ്രസഹായമായി ലഭിച്ച 1,10,00,000/- രൂപ ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങളും ആവശ്യമായ സാധനസാമഗ്രികളും വാങ്ങുന്നതിനുള്ള പ്രക്രിയയും നടന്നുവരുന്നു.

3) <u>മാനസികാരോഗ്യകേന്ദ്രം-കോഴിക്കോട്</u>

ഈ കേന്ദ്രത്തിൻെറ വികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2005-2006-ൽ 2,85,00,000/-രൂപ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. ഇതുപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ നടപടി ക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമേ സ്റ്റീം കുക്കിംഗ് സിസ്റ്റം നടപ്പിലാക്കുവാൻ രണ്ടര ലക്ഷം രൂപയും ആശുപത്രിയിലെ മാലിന്യങ്ങൾ നീക്കുവാൻ കുടുംബശ്രീപ്രവർത്തകർക്കു നൽകുവാൻ 30,000/- രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (സി): മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ വാർഡുകൾ നിർമ്മിക്കുന്നതിനും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി): തിരുവനന്തപുരം: കേന്ദ്ര സഹായ പ്രകാരം രണ്ടു വാർഡുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. മറ്റു രണ്ടു വാർഡുകളുടെ നിർമ്മാണം തുടങ്ങി. നിലവിലുള്ള കിടക്കകളുടെ എണ്ണം 507 ആണ്. ഇത് 600 ആയി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകൾ പരിഗണിച്ചുവരുന്നു. തൃശ്ശൂർ: പുതിയ വാർഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് സാമ്പത്തികലഭ്യത അനുസരിച്ച് കിടക്കകളുടെ എണ്ണം കൂട്ടുന്ന കാര്യം പരിശോധിക്കാവുന്നതാണ്. കോഴിക്കോട്: നിലവിലുള്ള 3,4 വാർഡുകളിലെ പഴയബ്ളോക്കുകൾ പൊളിച്ച് പുതിയ വാർഡുകളും ബ്ളോക്കുകളും പണിയുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇവ പൂർത്തിയാവുന്ന മുറയ്ക്ക് കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| | |
| (ഡി). ചികിൽസാസൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി). ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി തിരുവനന്തപുരത്ത് ബിഹേവിയർ ഇൻറൻസീവ് കെയർ യൂണിററ് പ്രവർത്തിച്ചുവരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ ടെലിമെഡിസിൻ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. തൃശൂർ, കോഴിക്കോട്, കേന്ദ്രങ്ങളിൽ ബിഹേവിയർ ഇൻറൻസീവ് കെയർ യൂണിററിൻെറ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 373 | 10-07-2007 ൽ മറുപടിയ്ക്ക്

## ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ.വാസവൻ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.ബി.രാഘവൻ : | ശ്രീ. മാത്യു.ടി.തോമസ്<br>ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ). ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) വകുപ്പിലെ ബോട്ടുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി പുതുതായി 14 സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ അത്യാധുനിക രീതിയിലുള്ള സ്ലിപ്‌വേ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി 144 ലക്ഷം രൂപയുടെ ഒരു പദ്ധതി **SILK** ക്കുമായി സഹകരിച്ച് തയ്യാറാക്കിയിട്ടുണ്ട്. ബോട്ടുകളുടെ മേജർ റിപ്പയർ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമെങ്കിൽ സ്വകാര്യ റിപ്പയർ കോൺട്രാക്ടിനും സ്വകാര്യ ലേബർ കോൺട്രാക്ടിനും അനുവാദം നൽകിയിട്ടുണ്ട്.<br>ബോട്ടുകളുടെ കുറവ് മൂലമുണ്ടാകുന്ന സർവീസ് മുടക്കം പരമാവധി ഒഴിവാക്കുന്നതിന് അത്യാവശ്യസന്ദർഭങ്ങളിൽ താൽക്കാലികമായി ബോട്ടുകൾ വാടകയ്ക്ക് എടുത്ത് സർവീസ് നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട് |
| (ബി). പുതുതായി ബോട്ടുകൾ വാങ്ങുന്നതിനും ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി). പുതിയ 8 സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിന് കിൻകോക്കും, 6 സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിന് **SILK** -നും ഓർഡർ നൽകിയിട്ടുണ്ട്. മേജർ റിപ്പയർ ആവശ്യമുള്ള 10 ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവിടെ ബോട്ടു സർവീസ് നടത്താൻ ജലഗതാഗതവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; | (സി). ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട പണികൾ പൂർത്തിയാകുന്ന മുറയ്ക്കും ജലഗതാഗതവകുപ്പിൽ പുതിയ ബോട്ടുകൾ ലഭിക്കുന്ന മുറയ്ക്കും അവിടെ ബോട്ട് സർവീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി). എങ്കിൽ അതിന് ആവശ്യമായ ബോട്ടുകൾ ലഭ്യമാക്കുന്നതിന് മുൻകൂട്ടി നടപടി സ്വീകരിക്കുമോ ? | (ഡി). ജലഗതാഗതവകുപ്പിൽ കൂടുതൽ സർവീസുകൾ ആരംഭിക്കുവാൻ ഉതകുന്ന രീതിയിൽ ബോട്ടുകൾ ലഭ്യമാക്കുന്നതിനായി 14 ബോട്ടുകൾ വാങ്ങുന്നതിന് ഓർഡർ നൽകികഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.374 | 10.7.2007-ൽ മറുപടിയ്ക്ക് |

## സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുരളി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് ആവശ്യമായ ഔഷധങ്ങൾ വാങ്ങുന്നതിന് സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത്തവണ ആരോഗ്യ വകുപ്പ് ഔഷധം വാങ്ങുന്നതിന് പുതുതായി ടെണ്ടർ ക്ഷണിച്ചിരുന്നോ; | ബി) ഇല്ല. |
| സി) ഇല്ലെങ്കിൽ കഴിഞ്ഞ തവണ വാങ്ങിയ നിരക്കിൽ തന്നെയാണോ ഇത്തവണയും ഓർഡർ നൽകിയത്; | (സി) യും (ഡി) യും<br>കഴിഞ്ഞതവണ വാങ്ങിയ നിരക്കിലും അതിൽ കുറഞ്ഞ നിരക്കിലുമാണ് ഇത്തവണ ഓർഡർ നൽകിയത്. എന്നാൽ കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നെഗോഷ്യേഷനു ശേഷം ഉയർന്ന നിരക്കിൽ ഓർഡറുകൾ നൽകിയിട്ടുണ്ട്. |
| ഡി) ഇല്ലെങ്കിൽ എത്ര ശതമാനം വർദ്ധനവിലാണ് ഇപ്പോൾ ഔഷധം വാങ്ങിയത്; | |
| ഇ) ഈയിനത്തിൽ എത്ര രൂപയുടെ വില വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്? | ഇ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉയർന്ന നിരക്കിൽ ഓർഡർ നൽകിയതുമൂലമുള്ള വില വർദ്ധനവു കണക്കാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ-375.

10.7.2007-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസ്സുകൾ വാങ്ങാൻ ജില്ലാ സഹകരണ ബാങ്കുകളുമായി കരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | ജില്ലാ സഹകരണ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ട് പുതിയ ബസ്സുകൾ വാങ്ങിനിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി തുടങ്ങിവച്ച പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; | എ) | ബസ്സുകൾ വാങ്ങാനുള്ള വായ്പക്കായി വിവിധ ജില്ലാ സഹകരണ ബാങ്ക് അധികൃതരുമായി കത്തിടപാടുകൾ നടത്തിയിരുന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മാത്രമാണ് അനുകൂലമായി പ്രതികരിച്ചത്. പ്രസ്തുത ബാങ്കുമായി ചർച്ച നടത്തിവരികയാണ്. |
| ബി) | എങ്കിൽ അപ്രകാരം ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ടുവെന്നും എത്ര ബസ്സുകൾ പുതുതായി വാങ്ങി നിരത്തിലിറക്കി യെന്നും വെളിപ്പെടുത്തുമോ; | ബി) | ഒരു ജില്ലാ സഹകരണ ബാങ്കുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| സി) | തുടർന്ന് ഇത്തരത്തിൽ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | കുറഞ്ഞ പലിശ നിരക്ക് തുടങ്ങി കോർപ്പറേഷൻെറ താല്പര്യങ്ങൾക്കനുസൃത മായ വ്യവസ്ഥകളിൽ വായ്പ ലഭ്യമാകു കയാണെങ്കിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് ബസ്സുകൾ വാങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം.നം. 376 | 10.7.2007-ൽ മറുപടിയ്ക്ക് |

ഡിസ്പോസിബിൾ സിറിഞ്ചിന്റെ പുനരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) ഉപയോഗിച്ചു കഴിഞ്ഞ ഡിസ്പോസിബിൾ സിറിഞ്ചുകൾ വീണ്ടും ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല |
| ബി) ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) ഇത്തരം വസ്തുക്കൾ നശിപ്പിക്കുന്നതിന് ഇൻസിനറേറ്റർ, നീഡിൽ ബേർണർ, ഷഡർ, തുടങ്ങിയ യന്ത്ര സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള വലിയ ആശുപത്രികളിലെ ഉപയോഗിച്ചു കഴിഞ്ഞ ഡിസ്പോസിബിൾ സിറിഞ്ചുകൾ, ഐ.എം.എ.യുടെ ഇമേജ് സ്കീമുമായുള്ള ധാരണപ്രകാരം ആശുപത്രി മാലിന്യങ്ങൾ നിവാരണം ചെയ്യുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ വച്ചിട്ടുള്ള ചുവന്ന ബാഗിൽ ശേഖരിച്ച് നശിപ്പിച്ചു കളയുകയാണ് ചെയ്യുന്നത്. മറ്റ് ആശുപത്രി കളിൽ ഇവ വീണ്ടും ഉപയോഗിക്കുവാൻ കഴിയാത്തവിധം കഷ്ണങ്ങളാക്കി മാറ്റിയ ശേഷം കുഴിച്ചിടുകയോ സുരക്ഷിതമായ രീതിയിൽ നശിപ്പിച്ചുകളയുകയോ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377.

10.07.2007-ൽ മറുപടിക്ക്.

## കേരള ബുക്ക്സ് ആൻറ് പബ്ളിക്കേഷൻ സൊസൈറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. മാത്യു ടി. തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടിവകുപ്പിൻെറ കീഴിലുള്ള 'കേരള ബുക്ക്സ് ആൻറ് പബ്ളിക്കേഷൻസ് സൊസൈറ്റി' സർക്കാരിൻെറ ഏതെല്ലാം ജോലികളാണ് ഏറ്റെടുത്ത് ചെയ്യുന്നത് ; | (എ) കേരള ബുക്ക്സ് ആൻറ് പബ്ളിക്കേഷൻസ് സൊസൈറ്റിയിൽ കേരളത്തിലെ സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങളാണ് മുഖ്യമായും അച്ചടിക്കുന്നത്. കൂടാതെ ഭാഗ്യക്കുറിടിക്കറ്റുകൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, നികുതി, പി.ആർ.ഡി. തുടങ്ങിയ സർക്കാർ വകുപ്പുകൾക്കാവശ്യമായ ലഘുലേഖകൾ, പോസ്റ്ററുകൾ പുസ്തകങ്ങൾ, സ്റ്റാറ്റ്യൂട്ടറിഫോറങ്ങൾ തുടങ്ങിയവയും കേരള ബുക്ക്സ് ആൻറ് പബ്ളിക്കേഷൻസ് സൊസൈറ്റി മുഖേന അച്ചടിച്ചു നൽകുന്നുണ്ട്. |
| (ബി) സ്കൂളുകളിലേക്ക് ആവശ്യമുള്ള എല്ലാ പുസ്തകങ്ങളും ഇവിടെ അച്ചടിക്കാൻ സൗകര്യമുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഈ വർഷം സ്കൂളുകളിലേക്ക് ആവശ്യമായ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) ഈ വർഷം സ്കൂളുകളിലേക്ക് ആവശ്യമായ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കുന്നതിന് പേപ്പറിൻെറ ദൗർലഭ്യം മൂലം നേരിയ കാലതാമസം നേരിട്ടുവെങ്കിലും അച്ചടിക്ക് ഓർഡറുകൾ ലഭിച്ച മുറയ്ക്ക് പാഠപുസ്തകങ്ങൾ അച്ചടിച്ചു നൽകി വരുന്നുണ്ട്. |

---

| | | | |
|---|---|---|---|
| (ഡി) | നികുതി വകുപ്പിൻെറ ഏതെല്ലാം ജോലികളാണ് സൊസൈറ്റി ഏറ്റെടുത്തിട്ടുള്ളത് ; | (ഡി) | നികുതി വകുപ്പിൻെറ, വാറ്റ്, സ്ക്രാച്ച് കാർഡ്, ഡാൻഗ്ളർ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, സ്റ്റാറ്റ്യൂട്ടറിഫോറങ്ങൾ ഭാഗ്യക്കുറി ടിക്കറ്റുകൾ എന്നിവയാണ് കെ.ബി.പി.എസ്.ൽ അച്ചടിക്കാറുള്ളത്. |
| (ഇ) | അവ സമയബന്ധിതമായി പൂർത്തി യാക്കുന്നതിന് സൊസൈറ്റിക്കു കഴിയുന്നുണ്ടോ ; | (ഇ) | ഉണ്ട് |
| (എഫ്) | സൊസൈറ്റി എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരി- ച്ചിട്ടുള്ളത് ; കൂടുതൽ സർക്കാർ ജോലികൾ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | സൊസൈറ്റിക്ക് പുതിയ അച്ചടിയന്ത്രങ്ങൾ വാങ്ങുന്നതിനായി, സൊസൈറ്റിയുടെ ഫണ്ടിൽ നിന്നും തുക ചെലവാക്കണമെന്ന വ്യവസ്ഥയിൽ 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2 കോടി രൂപയുടെ മറ്റ് ചില നവീകരണ പദ്ധതികളും സൊസൈറ്റി ആവിഷ്കരിച്ചു വരുന്നു. പുതിയ അച്ചടിയന്ത്രങ്ങൾ വരുന്നതോടു കൂടി കൂടുതൽ അച്ചടി ജോലികൾ സൊസൈറ്റിക്ക് ഏറ്റെടുത്ത് നടത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.378 — 10.07.2007-ൽ മറുപടിയ്ക്ക്.

## തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ടി.എൻ പ്രതാപൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതുതായി കൂടുതൽ ഉത്തരവാദിത്വങ്ങൾ നല്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നല്കുമോ; | (എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പുതുതായി കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് പഠനം നടത്തിയിട്ടില്ല. കഴിഞ്ഞ പത്തു വർഷത്തെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ പഠിക്കാൻ ഡോ.എം.എ. ഉമ്മൻ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെയും കേരള പഞ്ചായത്ത്രാജ് നിയമത്തിലും കേരള മുൻസിപ്പാലിറ്റി നിയമങ്ങളിലും ബന്ധപ്പെട്ട ചട്ടങ്ങളിലും വരുത്തേണ്ട കാലാനുസൃതമായ പരിഷ്കാരങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. വി.ജെ. തങ്കപ്പൻ എം.എൽ.എ. ചെയർമാനായി ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റിയേയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) പകർച്ചപ്പനി പോലുള്ള വ്യാധികൾ നിയന്ത്രിക്കുന്നതിനും പരിസര ശുചീകരണം ഉറപ്പു വരുത്തുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ പലപ്പോഴും അലംഭാവം കാട്ടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വ്യവസ്ഥാപിത കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നല്കുന്നത് ഗുണകരമാണോ ; | (സി) & (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിച്ചുകൊണ്ട് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതിനു തക്ക പരിശീലനങ്ങളും ഉദ്യോഗസ്ഥ വിന്യാസവും ആവശ്യമായി വരും. |
| (ഡി) | അതിന് എപ്രകാരം പരിഹാരം കാണാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

———————

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379 | 10-07-2007 -ൽ മറുപടിയ്ക്ക് |
|---|---|
| ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കാനുള്ള നിയമം | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.കെ.കെ. ലതിക**<br>**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>**ശ്രീമതി.കെ.എസ്. സലീഖ**<br>**ശ്രീമതി.പി. ഐഷാ പോറ്റി**<br>**ശ്രീമതി.ജെ. അരുന്ധതി** | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) 2005-ലെ ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമവും 2006-ലെ അനുബന്ധ ചട്ടങ്ങളും നടപ്പിലാക്കുന്നതിൻെറ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള 15 ക്ഷേമ സ്ഥാപനങ്ങളെ 'ഷെൽട്ടർ ഹോമുകളായി' ഉത്തരവിറക്കിയിട്ടുണ്ട് (അനുബന്ധം 1). എല്ലാ ജില്ലകളിലുമായി 31 ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് 'പ്രൊട്ടക്ഷൻ ഓഫീസർ' മാരായിച്ചുമതല നൽകുകയും ചെയ്തിട്ടുണ്ട് (അനുബന്ധം 2). സാമൂഹ്യക്ഷേമ ബോർഡിൻെറ കീഴിലുള്ള 9 ഷോർട്ട് സ്റ്റേ ഹോമുകളെ ഷെൽട്ടർ ഹോമുകളായും 9 ഹെൽപ്പ് ലൈൻ സെൻ്ററുകൾ, 36 ഫാമിലി കൗൺസിലിംഗ് സെൻ്ററുകളെയും 'സർവ്വീസ് പ്രൊവൈഡർ' മാരായും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയമം, ആഭ്യന്തരം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി സംസ്ഥാനതലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് |

| | | |
|---|---|---|
| | | മന്ത്രി ചെയർ പേഴ്സണായും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർ പേഴ്സണായും കോ-ഓർഡിനേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളിൽ നിന്നും സർവ്വീസ് പ്രൊവൈഡർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവ്വീസ് പ്രൊവൈഡർമാരെ തെരെഞ്ഞെടുക്കുന്നതിനായി സന്നദ്ധ സംഘടനകളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചു കഴിഞ്ഞു. ഉടൻ തന്നെ സെലക്ഷൻ പൂർത്തിയാക്കുന്നതാണ്. |
| (ബി) | നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് ലഭിക്കുന്ന സംരക്ഷണത്തെക്കുറിച്ചും അതിക്രമങ്ങൾ ഉണ്ടായാൽ കൈക്കൊള്ളാനുള്ള നടപടികളെ സംബന്ധിച്ചും സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട്. നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികൾക്കും, സന്നദ്ധ സംഘടനകൾക്കും, വനിതാ സംഘടനകൾക്കും, വകുപ്പു ഉദ്യോഗസ്ഥർക്കുമായി സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ചിരുന്നു. സ്ത്രീകൾക്ക് ലഭിക്കുന്ന സംരക്ഷണത്തെക്കുറിച്ചും അതിക്രമങ്ങൾ ഉണ്ടായാൽ കൈക്കൊള്ളുവാനുള്ള നടപടികളെ സംബന്ധിച്ചും സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് എല്ലാ ജില്ലകളിലും സാമൂഹ്യക്ഷേമ ഓഫീസർമാർ മുഖാന്തിരം ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. പ്രൊട്ടക്ഷൻ ഓഫീസർമാർക്കും പ്രസ്തുത നിയമത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും സംബന്ധിച്ച കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഓരോ ജില്ലയിലും പ്രൊട്ടക്ഷൻ ആഫീസർമാർക്ക് ഗാർഹികാതിക്രമം സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശം വെളിപ്പെടുത്തുമോ? | (സി) പ്രൊട്ടക്ഷൻ ആഫീസർമാർക്ക് ഗാർഹികാതിക്രമം സംബന്ധിച്ച് ഇതേവരെ 156 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 108 കേസ്സുകൾ അന്വേഷണം നടത്തുകയും 101 കേസ്സുകൾ മജിസ്ട്രേറ്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം - 3) |

സെക്ഷൻ ഓഫീസർ

| (1) | (2) | (3) | (4) |
|---|---|---|---|
| 30 | Wayanad | District Probation Officer Grade I, District Probation Office, Civil Station, North Kalppatta, Wayanad District, Kerala | Whole District of Wayanad |
| 31 | Kasaragod | District Probation Officer Grade I, District Probation Office, Civil Station, Kasaragod | Whole District of Kasaragod |

By order of the Governor,

LIDA JACOB,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G. O. (P) No. 04/2007/SWD dated 22nd January, 2007 published as S. R. O. No. 80/2007 in the Kerala Gazette Extraordinary No. 135 dated the 23rd January, 2007, Government had notified the District Probation Officer Grade-I as Protection Officers. It has come to notice of Government that there are at least 10 Magistrate Courts in a district and District Probation Officer Grade-I has to submit timely reports in these courts on the cases registered in the court. So the District Probation Officer Grade-I may not fulfill function as Protection Officer to the fullest satisfaction of the provisions of the Act. So Government have decided to appoint the Probation Officer Grade-II also in the District as Protection Officer.

This notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2007.

അനുബന്ധം - 1

©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
### PUBLISHED BY AUTHORITY
### അധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്


| | | | | |
|---|---|---|---|---|
| Vol. LII / വാല്യം 52 | Thiruvananthapuram, Thursday / തിരുവനന്തപുരം, വ്യാഴം | 10th May 2007 / 2007 മേയ് 10 / 20th Vaisakha 1929 / 1929 വൈശാഖം 20 | No. / നമ്പർ | 872 |


GOVERNMENT OF KERALA

**Social Welfare (B) Department**

NOTIFICATIONS

I

G. O. (P) No. 20/2007/SWD. *Dated, Thiruvananthapuram, 30th April, 2007.*

**S. R. O. No. 407/2007.**—In exercise of the powers conferred by clause (t) of Section 2 of the Protection of Women from Domestic Violence Act, 2005 (Central Act 43 of 2005), Government of Kerala hereby notify the following institutions as 'Shelter Homes' for the purposes of the Act, namely:—

1. Mahilamandiram, Poojappura, Thiruvananthapuram.
2. Mahilamandiram, Thirumullavaram, Kollam.
3. Mahilamandiram, Keezhukkara, Kozhenchery, Pathanamthitta.
4. Mahilamandiram, P. H. Ward, Alappuzha.
5. Mahilamandiram, Kallara, Kottayam.
6. Mahilamandiram, Champakkara, Ernakulam.

33/1873/2007/DTP.

7. Mahilamandiram, Ramavarmapuram, Thrissur.
8. Mahilamandiram, Muttikulangara, Palakkad.
9. Mahilamandiram, Manjeri, Malappuram.
10. Mahilamandiram, Vellimadukunnu, Kozhikode.
11. Mahilamandiram, Thalassery, Kannur.
12. Mahilamandiram, Paravanadukam, Kasargode.
13. Government Short Stay Home, Vellimadukunnu, Kozhikode.
14. Vridha Vikalanga Sadanam, Kaniyampara, Wayanad.
15. Vridha Vikalanga Sadanam, Thodupuzha, Idukki.

By order of the Governor,

LIDA JACOB,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Clause (t) of section 2 of the Protection of Women from Domestic Violence Act, 2005 (Central Act 43 of 2005) provides for notification of 'Shelter Homes' for the purposes of the Act. Government have decided to notify the institutions mentioned above as 'Shelter Homes' for giving protection to the Women affected by domestic violence.

This notification is intended to achieve the above object.



| (1) | (2) | (3) | (4) |
|---|---|---|---|
| 24 | Malappuram | Additional District Probation Officer, District Probation Office, Court Building, Manjeri P.O., Malappuram District | Tirur and Ponnani Taluks in Malappuram District |
| 25 | Kozhikode | District Probation Officer Grade I, District Probation Office, Civil Station, Kozhikode District, Kerala | Kozhikode Taluk (Except City Corporation area in Kozhikode District) |
| 26 | Kozhikode | City Probation Officer, District Probation Office, Civil Station, Kozhikode District | Kozhikode Corporation Area |
| 27 | Kozhikode | District Probation Officer Grade II, District Probation Office, Civil Station, Kozhikode District, Kerala | Koilandy and Vadakara Taluks in Kozhikode District |
| 28 | Kannur | District Probation Officer Grade I, District Probation Office, Thalassery, Kannur District | Thalassery and Kannur Taluks in Kannur District |
| 29 | Kannur | District Probation Officer Grade II, District Probation Office, Tellichery, Kannur District | Thalipparambu Taluk in Kannur District |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | Thrissur | District Probation Officer Grade I, District Probation Office, Civil Station, Ayyanthol, Thrissur District | Thrissur and Thalappalli Taluks in Thrissur District |
| 19 | Thrissur | District Probation Officer Grade II, District Probation Office, Civil Station, Ayyanthol, Thrissur District | Mukundapuram, Chavakkad and Kodungalloor Taluks in Thrissur District |
| 20 | Palakkad | District Probation Officer Grade I, District Probation Office, Civil Station, Palakkad District | Palakkad Taluk in Palakkad District |
| 21 | Palakkad | Additional District Probation Officer Grade II, District Probation Office, Civil Station, Palakkad District | Alathoor and Chittur Taluks in Palakkad District |
| 22 | Palakkad | District Probation Officer Grade II, District Probation Office, Civil Station, Palakkad District, Kerala | Ottappalam and Mannarcad Taluks in Palakkad District |
| 23 | Malappuram | District Probation Officer Grade II, District Probation Office, Court Building, Manjeri P. O., Malappuram District | Ernadu and Perinthalmanna Taluks in Malappuram District |



II

G.O. (P) 21/2007/SWD. *Dated, Thiruvananthapuram, 30th April, 2007.*

**S. R. O. No. 408/2007.**—In exercise of the powers conferred by sub-section (1) of section 8 of the Protection of Women from Domestic Violence Act, 2005 (Central Act 43 of 2005) and in supersession of the notification issued in G.O. (P) No. 04/2007/SWD dated 22nd January, 2007 and published as S. R. O. No. 80/07 in the Kerala Gazette Extraordinary No. 135 dated 23rd January, 2007, Government of Kerala hereby appoint the following officers as Protection Officers to exercise the powers and perform duties conferred on him/her by or under the said Act in the area of their jurisdiction.

| *Sl. No.* | *Probation Officer's Headquarters* | *Address* | *Jurisdiction* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Thiruvananthapuram | District Probation Officer Grade I, District Probation Office, Poojappura, Thiruvananthapuram | Thiruvananthapuram Taluk (Except Corporation Area) and Neyyattinkara Taluk |
| 2 | Thiruvananthapuram | City Probation Officer District Probation Office, Poojappura, Thiruvananthapuram | Thiruvananthapuram (Corporation Area) |
| 3 | Attingal | District Probation Officer Grade II, District Probation Office, Court Building, Attingal, Thiruvananthapuram | Nedumangad and Chirayinkil Taluks in Thiruvananthapuram District |
| 4 | Kollam | District Probation Officer Grade I, District Probation Office, Civil Station, Kollam | Kollam Taluk in Kollam District |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | Kollam | Additional District Probation Officer Grade II, Civil Station, Kollam, Kerala | Kottarakara and Pathanamthitta Taluks in Kollam District |
| 6 | Kollam | District Probation Officer Grade II, District Probation Office, Civil Station, Kollam, Kerala | Kunnathoor and Karunagappally Taluks in Kollam District |
| 7 | Pathanamthitta | District Probation Officer Grade I, District Probation Office, Civil Station, Pathanamthitta District | Whole District of Pathanamthitta |
| 8 | Alappuzha | District Probation Officer Grade I, District Probation Office, Court Campus, Alappuzha District | Ambalappuzha Taluk in Alappuzha District |
| 9 | Alappuzha | Additional District Probation Officer Grade II, Court Campus, Alappuzha District | Kuttanad and Sherthala Taluks |
| 10 | Alappuzha | District Probation Officer Grade II, District Probation Office, Court Campus, Alappuzha District | Chengannoor, Mavelikkara and Karthikappally Taluks in Alappuzha District |
| 11 | Kottayam | District Probation Officer Grade I, District Probation Office, T. B. Road, South P. O., Kottayam District | Kottayam and Vaikkom Taluks in Kottayam District |



| (1) | (2) | (3) | (4) |
|---|---|---|---|
| 12 | Kottayam | Additional District Probation Officer, District Probation Office, T.B. Road, South P.O., Kottayam District | Kanjirappally, Changanacherry and Meenachal Taluks in Kottayam District |
| 13 | Ernakulam | District Probation Officer Grade I, District Probation Office, Corporation Shopping Complex, East of High Court, Ernakulam District, Kerala | Aluva, North Paravoor and Kanayannoor (Except City Corporation) Taluks in Ernakulam District |
| 14 | Ernakulam | City Probation Officer, Corporation Shopping Complex, East of High Court, Ernakulam District, Kerala | Ernakulam City Corporation Area |
| 15 | Moovattupuzha in Ernakulam District | District Probation Officer Grade II, District Probation Office, Moovattupuzha P. O., Ernakulam District | Kunnathunadu, Kothamangalam and Moovattupuzha Taluks in Ernakulam District |
| 16 | Idukki District | District Probation Officer Grade I, District Probation Office, Thodupuzha P.O., Idukki District | Devikulam and Thodupuzha Taluks in Idukki District |
| 17 | Thodupuzha in Idukki District | District Probation Officer Grade II, District Probation Office, Thodupuzha P. O., Idukki District | Udumbanchola and Peermadu Taluks in Idukki District |

| ക്രമ നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ജില്ല | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസർഗോഡ് | ആകെ |
| പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ലഭിച്ച പരാതികളുടെ എണ്ണം | 20 | 19 | 15 | 4 | 10 | 4 | 13 | | 6 | 6 | 17 | 12 | 4 | 17 | 156 |
| പ്രൊട്ടക്ഷൻ ഓഫീസർമാർ അന്വേഷണം നടത്തിയ കേസുകളുടെ എണ്ണം | 20 | 17 | 12 | 4 | 8 | 4 | 4 | 1 | 4 | | 14 | 3 | 3 | 14 | 108 |
| മജിസ്ട്രേറ്റിന് അയച്ചു കൊടുത്ത കേസുകളുടെ എണ്ണം | 20 | 17 | 8 | 4 | 6 | 4 | 3 | 1 | 4 | | 14 | 3 | 3 | 14 | 101 |
| വൈദ്യ സഹായം ലഭിക്കേണ്ടി വന്ന കേസുകളുടെ എണ്ണം | 1 | | | | | | | | | | | | | | 1 |
| ഷെൽട്ടർ ഹോമിൽ പ്രവേശിപ്പിച്ചവരുടെ എണ്ണം | | | 3 | | | | | | | | | | | | 3 |
| നിയമ സഹായം നൽകിയ കേസുകളുടെ എണ്ണം | | 1 | | | | | 1 | | 1 | | | | | | 2 |
| പ്രൊട്ടക്ഷൻ ഓഫീസർമാർ വ്യവസ്ഥാനുസരണം സ്വീകരിച്ച കേസുകളുടെ എണ്ണം | 2 | | 5 | 1 | | | | | | | | | | | 8 |
| കൗൺസിലിംഗ് നൽകിയ കേസുകളുടെ എണ്ണം | | | | | | | | | 2 | | | | | | 2 |
| മജിസ്ട്രേറ്റിന്റെ പരിഗണനയിലുള്ള കേസുകളുടെ എണ്ണം | 20 | 13 | 6 | | | | 12 | | 4 | 4 | | | 4 | | 61 |
| 60 ദിവസത്തിനകം തീർപ്പാക്കിയ കേസുകളുടെ എണ്ണം | 1 | | | | | | | | | | | | | | 1 |
| കൗൺസിലിംഗ് നടത്തുവാൻ മജിസ്ട്രേറ്റ് ഉത്തരവിട്ട കേസുകളുടെ എണ്ണം | | | | | | | | | 2 | 1 | | | | | 3 |
| വെൽഫെയർ എക്സ്പേർട്ടിന്റെ സേവനം തേടിയ കേസുകളുടെ എണ്ണം | 1 | | 1 | | | | | | | | | | | | 2 |
| എക്സ്പാർട്ടി വിധി നടപ്പിലാക്കിയ കേസുകളുടെ എണ്ണം | 1 | | 1 | | | | 1 | 1 | | | | | | | 4 |
| ഇടക്കാല വിധി നടപ്പിലാക്കിയ കേസുകളുടെ എണ്ണം | 2 | 2 | 1 | | | | 1 | | | | | | | | 6 |
| പ്രൊട്ടക്ഷൻ ഉത്തരവ് പുറപ്പെടുവിച്ച കേസുകളുടെ എണ്ണം | 1 | | 1 | | | | 1 | | | | | | | | 4 |
| റെസിഡൻസ് ഉത്തരവ് പുറപ്പെടുവിച്ച കേസുകളുടെ എണ്ണം | | 5 | 1 | | | | | | | | | | | | 6 |
| കസ്റ്റഡി ഉത്തരവ് പുറപ്പെടുവിച്ച കേസുകളുടെ എണ്ണം | | | 1 | | | | | | | | | | | | 1 |
| നഷ്ട പരിഹാരം നൽകുവാൻ വിധിച്ച കേസുകളുടെ എണ്ണം | | 1 | | | | 1 | | | | | | | | | 2 |
| പ്രൊട്ടക്ഷൻ ഉത്തരവ് ലംഘിച്ച കേസുകളുടെ എണ്ണം | | 2 | | | | | | | | | | | | | 2 |

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം.380 10.07.2007-ൽ മറുപടിയ്ക്ക്

## 11-ാം പദ്ധതി - മോണിറ്ററിംഗ് കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) 11-ാം പഞ്ചവത്സര പദ്ധതി രേഖ തയ്യാറാക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ ; | (എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിനായി മോണിട്ടറിംഗ് കമ്മിറ്റികളെ നിയമിച്ചിട്ടില്ല. വിവിധ മേഖലകൾക്ക് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് അവയുടെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കണമെന്നാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. |
| (ബി) ഏതൊക്കെ തലത്തിലാണ് ഇത്തരം കമ്മിറ്റികളെ നിയമിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) എല്ലാതലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങളിലും, നീർത്തടപരിപാലനം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യലഘൂകരണം , പട്ടിക ജാതി വികസനം, വനിതകളുടെയും ശിശുക്കളുടെയും വികസനം ആരോഗ്യം, ജലവിതരണം-ശുചിത്വം, വിദ്യാഭ്യാസം - സംസ്ക്കാരം - കായികം - യുവജനകാര്യം, പശ്ചാത്തല സൗകര്യങ്ങൾ , സാമൂഹ്യ സുരക്ഷിതത്വം, ഊർജ്ജം, ഭരണ നിർവ്വഹണം എന്നീ മേഖലകൾക്ക് നിർബന്ധമായും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്. കൂടാതെ പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും, പട്ടിക വർഗ്ഗ വികസനത്തിനായി ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കണം. |

(സി) പദ്ധതി രേഖ തയ്യാറാക്കുമ്പോൾ കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന നല്കണമെന്ന് ഇത്തരം മോണിറ്ററിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) സമഗ്രമായ സ്ഥല-ജല-ജൈവ മാനേജുമെന്റ് വഴി കാർഷിക മേഖലയുടെ പുനരുദ്ധാരണമാണ് 11 ാം പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി സംയോജിത നീർത്തട പരിപാലന പദ്ധതികൾ രൂപപ്പെടുത്തുന്നതാണ്. ഇപ്രകാരം രൂപീകരിക്കുന്ന നീർത്തടപരിപാലനപദ്ധതികൾ സംയോജിപ്പിച്ച് നീർത്തട പരിപാലന പദ്ധതികൾ തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു. കർഷകർ, കർഷകതൊഴിലാളികൾ, ഉപജീവനത്തിന് പ്രകൃതി വിഭവങ്ങളെയും, കാർഷിക ഉല്പ്പന്നങ്ങളെയും ആശ്രയിക്കുന്നവർ , ഉദ്യോഗസ്ഥർ, സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ, ബന്ധപ്പെട്ട മേഖലയിലെ സജീവപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്. കാർഷികമേഖല ഉൾപ്പെടുന്ന ഉല്പാദനമേഖലയ്ക്ക് പൊതുവിഭാഗം വികസനഫണ്ടിന്റെ 40 ശതമാനത്തിൽ കുറയാതെ ത്രിതലപഞ്ചായത്തുകൾ വകയിരുത്തണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. 381 10.7.2007-ൽ മറുപടിക്ക്

## നിർമ്മാർജ്ജനം ചെയ്ത സാംക്രമിക രോഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>" എം.എ.വാഹിദ്<br>" തേറമ്പിൽ രാമകൃഷ്ണൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നിർമ്മാർജ്ജനം ചെയ്ത ഏതെല്ലാം സാംക്രമികരോഗങ്ങൾ വീണ്ടും സംസ്ഥാനത്ത് പടർന്നു പിടിക്കുന്നുണ്ട്; | (എ) ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങളനുസരിച്ച് വസൂരി(Small pox), ഗിനി വേം(Guinea Worm) എന്നീ രോഗങ്ങളാണ് ഇന്ത്യയിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ രോഗങ്ങൾ കേരളത്തിൽ വീണ്ടും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. പോളിയോ രോഗം രണ്ടായിരത്തിനു ശേഷം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മറ്റു പല സംസ്ഥാനങ്ങളിലും ഇപ്പോഴും ഈ രോഗം കാണുന്നതിനാൽ പോളിയോ രോഗം ഇന്ത്യയിൽ നിർമ്മാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ചിട്ടില്ല. രോഗ നിരക്ക് വളരെ കുറഞ്ഞെങ്കിലും വീണ്ടും വർദ്ധിക്കാനിടയായ രോഗങ്ങളെന്ന് (Re emering diseases) ലോകാരോഗ്യ സംഘടന തിട്ടപ്പെടുത്തിയിട്ടുള്ള മലേറിയ, കോളറ, ഡെങ്കിപ്പനി തുടങ്ങിയവ കേരളത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. റീ എമർജിംഗ് രോഗങ്ങളായ ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ, ജപ്പാൻ ജ്വരം എന്നിവയും കുറച്ചു വർഷങ്ങളായി സംസ്ഥാനത്തിന്റെ മുഖ്യ പൊതുജനാരോഗ്യ പ്രശ്നമായി മാറിയിട്ടുണ്ട്. |
| (ബി) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പുതുതായി ഏതെല്ലാം സാംക്രമിക രോഗങ്ങൾ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്; | (ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതുതായി കണ്ടെത്തിയ സാംക്രമിക രോഗം ചിക്കുൻ ഗുനിയ ആണ്. |

| | |
|---|---|
| (സി)ഈ രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാൻ പദ്ധതിയുണ്ടാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഉണ്ട്.<br>കൊതുകുജന്യ രോഗമായ ചിക്കുൻ ഗുനിയ മറ്റു കൊതുകുജന്യ രോഗങ്ങളായ മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം എന്നീ രോഗങ്ങളെ നാഷണൽ വെക്ടർ ബോൺ കൺട്രോൾ പ്രോഗ്രാമിൽ ഉൾപ്പെടുത്തി വിപുലമായ നിവാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ പദ്ധതി പ്രകാരം തുടക്കത്തിൽ തന്നെ രോഗങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സ നൽകി രോഗം പടരുന്നത് തടയുന്നതിനും സാധിക്കുന്നു. കൊതുകുകളുടെ പ്രജനന കേന്ദ്രം കണ്ടെത്തി നശിപ്പിക്കുക, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ചപ്പു ചവറുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം "ഡ്രൈ ഡേ" ആചരിക്കുവാനും ആഹ്വാനം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാമിലൂടെ എല്ലാ സ്ഥലങ്ങളിലും നിന്നുള്ള രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ജില്ലാ തലത്തിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് വിശദാംശങ്ങൾ തയ്യാറാക്കി ഉടൻ തന്നെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു. |

| | |
|---|---|
| (ഡി) ഈ രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാൻ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 49.5 കോടി രൂപ പകർച്ചവ്യാധി നിയന്ത്രണത്തിനു വേണ്ടി കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം. T 382** **10.7.2007-ൽ മറുപടിക്ക്**

**പനി ബാധിത കുടുംബങ്ങളുടെ ക്ഷേമത്തിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" ജി.കാർത്തികേയൻ<br>" വർക്കല കഹാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പകർച്ചപ്പനി മൂലം സംസ്ഥാനത്ത് പല കുടുംബങ്ങളും പട്ടിണിയിലും കടക്കെണിയിലും അകപ്പെട്ട വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. ചിക്കുൻ ഗുനിയ രോഗബാധിതർക്ക് കഠിനമായ ജോലി ചെയ്യാൻ കഴിയാത്തതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായേക്കാം. |
| (ബി) ഈ സാഹചര്യം കണക്കിലെടുത്ത് പനിബാധിത കുടുംബങ്ങളുടെ ബാങ്കുവായ്പ തിരിച്ചടക്കുന്നതിന് ദീർഘമായ സമയപരിധി നൽകുവാൻ നടപടിയെടുക്കുമോ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) പനി ബാധിത കുടുംബങ്ങളുടെ ക്ഷേമത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) പനി ബാധിത കുടുംബങ്ങൾക്ക് ഇപ്പോൾ സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. പനി ബാധിത കുടുംബങ്ങളുടെ ക്ഷേമത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 383 — 10.7.2007 ൽ മറുപടിക്ക്

**ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു.പോൾ | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. 'ത്വരിത ഗ്രാമീണ ശുദ്ധജല' പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനായി ഏതെങ്കിലും പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; | എ, ബി & സി ഇല്ല |
| ബി. എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; ഇത്തരം പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | ത്വരിതഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയാണ് പദ്ധതികൾക്ക് അംഗീകാരം നല്കുന്നത്. പദ്ധതികളുടെ പ്രൊപ്പോസലുകൾ, 9.7.2007 ന് കൂടുന്ന കമ്മറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| സി. ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.384 — 10.07.2007-ൽ മറുപടിയ്ക്ക്.

## ഗ്രാമസഭയുടെ അധികാരാവകാശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ.അരുന്ധതി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ. എം.ജെ.ജേക്കബ്ബ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) മിക്ക ഗ്രാമസഭകളും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ചില ഗ്രാമസഭകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) ഗ്രാമസഭകൾ കൂടുന്നത് സംബന്ധിച്ച് 14.05.07-ലെ ജി.ഒ. (എം.എസ്) നം.128/07/തസ്വഭവ നംപർ മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്. |
| (സി) ഗ്രാമസഭയുടെ അധികാരാവകാശങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) ഗ്രാമസഭകളുടെ അധികാരാവകാശങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിന് പത്ര-ദൃശ്യമാധ്യമങ്ങളിലൂടെ കാലാകാലങ്ങളിൽ ഇത് സംബന്ധമായ വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്. കൂടാതെ പഞ്ചായത്തുവകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ 'പഞ്ചായത്ത് രാജ് ' മാസികയിൽ ഈ വിവരം വളരെ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി വരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഗ്രാമസഭയുടെ നിർദ്ദേശങ്ങൾക്ക് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകണമെന്ന് നിർദ്ദേശം നല്കുമോ? | (ഡി) | ഗ്രാമസഭയുടെ ശുപാർശകളോ, നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും അർഹമായ പരിഗണന നല്കേണ്ടതാണെന്ന് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 3-ാം വകുപ്പിലെ ഖണ്ഡിക 7-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 385</u> <u>10.7.2007 ൽ മറുപടിക്ക്</u>

## <u>പുതിയ കെട്ടിട നിയമം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.അബ്ദുർറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി. |
| ചോദ്യം | മറുപടി |
| (എ) സംസ്ഥാനത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കെട്ടിട നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽക്കാണ് നടപ്പിലാക്കിയത്; | (എ) 6.6.2007-ലെ സ.ഉ.G.O.(MS)No.150/2007/ തസ്വഭവ പ്രകാരം 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടം എല്ലാ പഞ്ചായത്തിലും ബാധകമാക്കിയിട്ടുണ്ട്. 6.6.2007 മുതൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നു. |
| (ബി) പണി പൂർത്തിയായെങ്കിലും നമ്പർ ഇട്ടിട്ടില്ലാത്ത കെട്ടിടങ്ങളെയും ഇപ്പോൾ പണിനടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളെയും പുതിയ നിയമം എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ കെട്ടിടങ്ങൾക്ക് അനുവർത്തിക്കേണ്ടനടപടിക്രമങ്ങളെക്കുറിച്ച് 0.6.2007-ലെ സർക്കാരിന്റെ 24136/RA1/07/LSGD സർക്കുലറിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (സി) പുതിയ നിയമം സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ 20.6.2007-ലെ സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ട്(www.townplanning.kerala.gov.in) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലെയും സെക്രട്ടറി, എഞ്ചിനീയർ, ഓവർസീയർ എന്നിവർക്ക് ജില്ലാതലത്തിൽ നഗരഗ്രാമാസൂത്രണ വകുപ്പ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആവശ്യാനുസരണം ട്രെയിനിംഗ് വീണ്ടും നടത്തുന്നതാണ് കൂടാതെ എല്ലാ പ്രവർത്തിദിവസങ്ങളിലും ടി വിഷയവുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ സംശയങ്ങൾക്ക് ജില്ലാ ടൗൺപ്ലാനർമാരിൽ നിന്നും മറുപടി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

നമ്പർ. 24136 /ആർ.എ.1/07/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 20-06-2007

## സർക്കുലർ

1. പഞ്ചായത്തുകൾക്കു മാത്രമായി ബാധകമാക്കുന്ന കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപം നൽകി സർക്കാർ പ്രാബല്യത്തിൽ ആക്കുന്നതുവരെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999-ന് അനുസൃതമായി മാത്രമേ കെട്ടിട നിർമ്മാണ അപേക്ഷ പരിശോധിച്ച് ബിൽഡിംഗ് പെർമിറ്റ് നൽകാവൂ.
2. എല്ലാ പഞ്ചായത്തുകളിലും അനുബന്ധമായി കാണിച്ചിരിക്കുന്ന (Appendix-I) ഫോമിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും, രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കേണ്ടതുമാണ്. രജിസ്റ്ററിന്റെ എല്ലാ പേജുകളിലും സീരിയൽ നമ്പർ ഉണ്ടായിരിക്കേണ്ടതും, പേജുകളുടെ നമ്പർ രജിസ്റ്ററിന്റെ ആദ്യ പേജിൽതന്നെ കാണിച്ച് സെക്രട്ടറി സർട്ടിഫൈ ചെയ്യേണ്ടതുമാണ്.
3. ബിൽഡിംഗ് ആപ്ലിക്കേഷൻ എല്ലാ പ്രവൃത്തി ദിവസങ്ങളിലും സ്വീകരിക്കേണ്ടതാണ്. അപേക്ഷ മുൻഗണനാ ക്രമത്തിൽ സ്വീകരിക്കേണ്ടതും അതിന് കൈപ്പറ്റ് രസീത് (Appendix-II) നൽകേണ്ടതുമാണ്. കൈപ്പറ്റ് രസീതിൽ അപേക്ഷ ആരിൽ നിന്നാണ് കൈപ്പറ്റിയതെന്നും, എന്നാണ് കൈപ്പറ്റിയതെന്നും വ്യക്തമായി കാണിച്ചിരിക്കണം. കൂടാതെ ബിൽഡിംഗ് പെർമിറ്റ് ഏതു ദിവസമാണ് ശേഖരിക്കേണ്ടതെന്നും വ്യക്തമായിരിക്കണം. രസീതിൽ സീരിയൽ നമ്പർ ഉണ്ടായിരിക്കണം.
4. കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ കെ.എം.ബി.ആർ.-ൽ അനുശാസിക്കുന്ന രീതിയിലുള്ള പ്രത്യേക ഫാറത്തിൽ ആയിരിക്കണം. ഫാറത്തിന്റെ മാതൃക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. (Appendix-III)
5. അപേക്ഷാ ഫാറത്തോടൊപ്പം കൈവശാവകാശം തെളിയിക്കുന്ന രേഖയും, കരമടച്ച രസീതും, പ്ലാനുകളുടെ മൂന്ന് കോപ്പികളും ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷ ഫാറത്തിലും, പ്ലാനുകളിലും അപേക്ഷകനും ലൈസൻസിയും ഒപ്പിടേണ്ടതാണ്. കെട്ടിടത്തിന്റെ പ്ലാൻ വിവിധ കടലാസുകളിലായി വരച്ച് കൂട്ടിയോജിപ്പിച്ച പ്ലാനുകൾ സ്വീകരിക്കേണ്ടതില്ല.
6. കെട്ടിട നിർമ്മാണ ചട്ടത്തിൽ ക്ലാസ് ലഭിച്ചിട്ടുള്ളതും, ചട്ടം കൈകാര്യം ചെയ്യുവാൻ അറിയാവുന്നതുമായ എഞ്ചിനീയർ പ്രഥമദൃഷ്ട്യാ 5-ാം ഖണ്ഡികയിൽ പറയുന്ന രേഖകൾ എല്ലാം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. എഞ്ചിനീയർ ഇല്ലാത്ത പഞ്ചായത്തുകളിൽ ഓവർസീയർ പരിശോധന നടപ്പാക്കേണ്ടതാണ്. എഞ്ചിനീയറും, ഓവർസിയറും ഇല്ലാത്ത പഞ്ചായത്തുകളിൽ പഞ്ചായത്ത് സെക്രട്ടറി രേഖകൾ പരിശോധിക്കേണ്ടതാണ്.
7. ബിൽഡിംഗ് റൂൾസ് പ്രകാരം ഏതെങ്കിലും പ്രധാന സ്ഥലത്തു നിന്നും പ്ലോട്ട് സ്ഥിതിചെയ്യുന്ന സ്ഥലത്തെ കാണിച്ചുകൊണ്ടുള്ള പ്ലാൻ (ലൊക്കേഷൻ പ്ലാൻ), സ്ഥലത്തിന്റേയും ചേർന്നു കിടക്കുന്ന റോഡുകളുടേയും വിശദമായ അളവുകൾ (സൈറ്റ് പ്ലാൻ), നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ രൂപരേഖ (ബിൽഡിംഗ് പ്ലാൻ), കെട്ടിടത്തിന്റെ പ്രധാന ഭാഗത്തെ ഖണ്ഡിച്ചുകൊണ്ടുള്ള വിശദ വിവരങ്ങൾ (സെക്ഷൻ), കെട്ടിടത്തിന്റെ മുൻകാഴ്ച (എലിവേഷൻ) എന്നിവ വ്യക്തമായി പ്ലാനുകളോടൊപ്പം കാണിച്ചിരിക്കണം.
8. പ്ലാനുകളിലെ അളവുകൾ വ്യക്തവും കൃത്യവും ആയിരിക്കണം.
9. നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലം തീരദേശപരിപാലന നിയമം ബാധകമാക്കിയിട്ടുള്ള സ്ഥലത്ത് ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ അവ കൂടി പരിശോധിച്ചശേഷമേ ബിൽഡിംഗ് പെർമിറ്റ് നൽകാവൂ.
10. ടൗൺ പ്ലാനിംഗ് പദ്ധതികൾ ബാധകമാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ അവ കൂടി പരിശോധിച്ചശേഷം മാത്രമേ പെർമിറ്റ് നൽകുവാൻ പാടുള്ളൂ. ടൗൺ പ്ലാനിംഗ് പദ്ധതി ബാധകമാക്കിയിട്ടുള്ള സ്ഥലത്തെ പദ്ധതികളുടെ മാപ്പുകളും അവ നിയന്ത്രിക്കുന്നതിനുള്ള രേഖകളും ജില്ലാ ടൗൺ പ്ലാനർമാർ പഞ്ചായത്തു സെക്രട്ടറിക്ക് നൽകേണ്ടതും, പദ്ധതികളെക്കുറിച്ചുള്ള പൂർണ്ണ വിവരം സെക്രട്ടറിമാർക്ക് വിശദീകരിച്ചു നൽകേണ്ടതുമാണ്.
11. പാടം നികത്തിയോ, വലിയ തോതിൽ ഭൂമി ഇടിച്ചു നികത്തിയോ കുഴിച്ചോ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം.
12. നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലം മണ്ണിടിച്ചിലോ വെള്ളപ്പൊക്കമോ, അപകടമോ, ആരോഗ്യത്തിന് ഹാനികരമായ കാര്യങ്ങളോ വരുത്തുകയില്ലാ എന്ന് ഉറപ്പു വരുത്തിക്കൊണ്ട് ഭൂമി വികസന പെർമിറ്റും ബിൽഡിംഗ് പെർമിറ്റിനോടൊപ്പം സെക്രട്ടറി നൽകേണ്ടതാണ്.
13. റെസിഡൻഷ്യൽ കെട്ടിടങ്ങളും, റെസിഡൻഷ്യൽ കാറ്റഗറിയിൽ പെടാത്ത കെട്ടിടങ്ങളും പ്രത്യേകം പരിശോധിക്കേണ്ടതാണ്. 150 ച. മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ ബിൽഡിംഗിന് സ്ക്രൂട്ടിണി ചെയ്യുന്ന ദിവസം തന്നെ നിയമാനുസൃതമാണെന്നു കണ്ടാൽ പെർമിറ്റ് നൽകേണ്ടതാണ്. പ്ലാനിൽ പറയുന്ന കാര്യങ്ങൾ നിയമാനുസൃതമാണെന്ന് 30 ദിവസത്തിനകം സ്ഥല പരിശോധന നടത്തി പഞ്ചായത്ത് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ 150. ച. മീറ്ററിൽ കൂടുതലുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്കും, റെസിഡൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടാത്ത മറ്റ് എല്ലാ കെട്ടിടങ്ങൾക്കും സ്ഥല പരിശോധനക്ക്ശേഷം മാത്രം പെർമിറ്റ് നൽകിയാൽ മതിയാകും.
14. കെട്ടിട നിർമ്മാണ ചട്ടം (കെ.എം.ബി.ആർ.-1999) അദ്ധ്യായം VII-ൽ നിഷ്കർഷിച്ചിരിക്കുന്നതും, പൊതു ഉപയോഗത്തിനുവേണ്ടി നിർമ്മിക്കുന്നതുമായ സ്കൂളുകൾ, ആശുപത്രികൾ, ഓഫീസുകൾ, പൊതുജനങ്ങൾ ഒന്നിച്ചുകൂടുന്ന സ്ഥലങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സംഭരണ സ്ഥലങ്ങൾ, അപകട സാദ്ധ്യതയുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കെട്ടിടങ്ങൾ എന്നിവക്ക് സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ വിന്യാസത്തിനും (Usage of Plot and Lay Out Approval) അംഗീകാരം വാങ്ങേണ്ടതാണ്. മേൽപ്പറഞ്ഞ അംഗീകാരം 0.5 ഹെക്ടറിൽ കുറവോ

500 ച. മീറ്ററിൽ കുറവോ ആണെങ്കിൽ ജില്ലാ ടൗൺ പ്ലാനറിൽ നിന്നും 0.5 ഹെക്ടറിൽ കൂടുതലായ സ്ഥലത്തും 500 മീറ്ററിൽ കൂടുതൽ ബിൽഡിംഗ് ഏരിയായുള്ള സ്ഥലത്തും ചീഫ് ടൗൺ പ്ലാനറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. പ്രസ്തുത അംഗീകാരം ലഭിച്ചശേഷം മാത്രമേ ബിൽഡിംഗ് പെർമിറ്റ് നൽകാവൂ.

15. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ മാത്രം പെർമിറ്റ് നൽകേണ്ടതാണ്.
16. ബിൽഡിംഗ് റൂൾസിൽ പറയുന്ന കാലാവധിയായ 30 ദിവസത്തിനകം പെർമിറ്റ് നൽകേണ്ടതാണ്.
17. ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുന്ന പക്ഷം കാരണം സഹിതം ഒരാഴ്ചയ്ക്കകം അപേക്ഷകനെ അറിയിക്കേണ്ടതാണ് (Appendix-IV). പ്ലാനിലും അപേക്ഷയിലും ന്യൂനതകൾ ഉള്ള പക്ഷം അതും അപേക്ഷകനെ അറിയിക്കേണ്ടതാണ് (Appendix-V).
18. ബിൽഡിംഗ് റൂൾസിൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്ക്രൂട്ടിണി ഫീസ് അപേക്ഷകനിൽ നിന്നും ഈടാക്കേണ്ടതും, പ്രസ്തുത ഫീസ് പഞ്ചായത്തിന്റെ വരുമാനമായി കണക്കാക്കേണ്ടതുമാണ്. ഫീസ് ഈടാക്കുമ്പോൾ തീയതിയും വിശദ വിവരവും കാണിച്ചുകൊണ്ടുള്ള രസീത് നൽകേണ്ടതാണ്.
19. ബിൽഡിംഗ് പെർമിറ്റ് കെട്ടിട നിർമ്മാണ നിയമത്തിൽ കാണിച്ചിരിക്കുന്ന പ്രത്യേക ഫോമിൽ നൽകിയിരിക്കണം. പെർമിറ്റിനോടൊപ്പം ഒരു പ്ലാൻ അംഗീകരിച്ച് അപേക്ഷകനു നൽകേണ്ടതാണ്. അപേക്ഷകൻ അംഗീകരിച്ച പ്ലാനിന് അനുസൃതമായി നിർമ്മാണം നടത്തേണ്ടതാണ്.
20. സ്ഥല പരിശോധനാ സമയത്ത് അപേക്ഷകൻ സമർപ്പിച്ച പ്ലാനുകളുടെ കോപ്പികളും, രേഖകളും (ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും, കരമടച്ച രസീതും), കൂടാതെ വിശദമായ പരിശോധനക്ക് ആവശ്യമായ സർവ്വേ സ്കെച്ചുകളും പരിശോധനാ ഉദ്യോഗസ്ഥൻ വശം ഉണ്ടായിരിക്കണം.
21. സ്ഥലപരിശോധനക്ക് ഉപയോഗിക്കുന്ന ടേപ്പുകൾ പൂർണ്ണ അളവുകൾ ഉള്ളതായിരിക്കണം.
22. നിർമ്മാണത്തിനു മുൻപും നിർമ്മാണം നടന്നുകൊണ്ടിരിക്കുമ്പോഴും സ്ഥല പരിശോധന നടത്തേണ്ടത് അപേക്ഷകന്റെ സാന്നിധ്യത്തിൽ ആയിരിക്കേണ്ടതും, അളവുകൾ അപേക്ഷകനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.
23. തെറ്റായി പ്ലാൻ സമർപ്പിച്ച് നിർമ്മാണാനുമതി വാങ്ങിയതായി സെക്രട്ടറിയുടെ ശ്രദ്ധയിൽ പെട്ടാൽ വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകി തെറ്റ് ബോദ്ധ്യപ്പെടുന്നപക്ഷം പെർമിറ്റ് റദ്ദു ചെയ്യണം. ഇക്കാര്യത്തിൽ അപേക്ഷകനും, പ്ലാൻ വരച്ച് തയ്യാറാക്കി നൽകുന്ന ലൈസൻസിയും ഉത്തരവാദികളായിരിക്കും. അപ്രകാരം പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന ലൈസൻസിയെ കുറിച്ചുള്ള വിശദ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം രജിസ്റ്ററിങ് അതോറിറ്റിയെ (നഗരകാര്യ ഡയറക്ടറെ) അറിയിക്കുകയും ചെയ്യണം.
24. അംഗീകരിച്ച പ്ലാനിന് വിരുദ്ധമായി നിർമ്മാണ പ്രവർത്തനം നടത്തുകയും എന്നാൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ റിവൈസ്ഡ് പ്ലാൻ പഞ്ചായത്തിൽ നൽകി റിവൈസ്ഡ് പെർമിറ്റ് വാങ്ങേണ്ടതാണ്.
25. പെർമിറ്റ് വാങ്ങിയശേഷം കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നപക്ഷം അവ അനധികൃതമായി കണക്കാക്കി അതിനുള്ള നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതുമാണ്.
26. ബിൽഡിംഗ് പെർമിറ്റ് നൽകുന്ന/നിരസിക്കുന്ന എല്ലാ അപേക്ഷകളേയും കുറിച്ചുള്ള വിവരങ്ങൾ എല്ലാ മാസത്തിലെയും ഒന്നാം തീയതിയും 16-ാം തീയതിയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസറേയും അറിയിച്ചിരിക്കേണ്ടതാണ്. (Appendix - VI). അവിടെ നിന്നും E-mail - ൽ പഞ്ചായത്ത് ഡയറക്ടറെയും, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെയും അറിയിക്കേണ്ടതാണ്.
27. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും, ജില്ലാ ടൗൺ പ്ലാനറും കൂടി ചേർന്ന് എല്ലാ മാസവും സർപ്രൈസ് ചെക്ക് നടത്തേണ്ടതും, അനധികൃതമായ നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുകയും, വിശദമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും നൽകേണ്ടതുമാണ്. (Appendix - VII).
28. കെട്ടിട നിർമ്മാണം നടത്തുമ്പോൾ അംഗീകരിച്ച പ്ലാനിന്റെ കോപ്പി നിർമ്മാണ സ്ഥലത്ത് സൂക്ഷിക്കേണ്ടതും, പഞ്ചായത്ത്/ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർ, സർക്കാർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർ, സർപ്രൈസ് ടീം അംഗങ്ങൾ സ്ഥലം പരിശോധിക്കുമ്പോൾ അവ പരിശോധനക്ക് നൽകേണ്ടതുമാണ്.
29. കെട്ടിട നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ ഉടമസ്ഥൻ ലൈസൻസിയുടെ അംഗീകാരത്തോടു കൂടി നൽകുന്ന കംപ്ലീഷൻ പ്ലാൻ പരിശോധിച്ച ശേഷം അപേക്ഷകന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.
30. കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് ബിൽഡിംഗ് പെർമിറ്റ് നൽകുകയോ, പ്രസ്തുത പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നടത്തുന്നതായോ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടാൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്വവും, അതിനുണ്ടാകുന്ന നഷ്ടത്തിനും സെക്രട്ടറി ഉത്തരവാദിയായിരിക്കും. കൂടാതെ സെക്രട്ടറിയുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതുമായിരിക്കും.

## II. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ.

1. ചട്ടം ബാധകമാക്കി കൊണ്ടുള്ള ഉത്തരവ് 6-6-2007-ൽ പ്രാബല്യത്തിൽ വന്നു. ഇത് സെക്രട്ടറി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ പൊതുജനങ്ങളുടെ അറിവിലേക്ക് പത്രങ്ങൾ/ലഘു ലേഖകൾ എന്നിവ മുഖേനയും അറിയിക്കേണ്ടതാണ്.
2. 1-3-2007 മുതൽ എൻ.ഒ.സി.ലഭിച്ചതും, അല്ലാതെയും നിർമ്മാണം നടന്നതുമായ കെട്ടിടത്തെ കുറിച്ചുള്ള എല്ലാ വിവരങ്ങളും ലൊക്കേഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സെക്ഷൻ, എലിവേഷൻ, പ്ലിന്ത് ഏരിയ, നിലകളുടെ

പ്ലാനും, എഫ്.എ.ആർ., Coverage സഹിതം പഞ്ചായത്ത് സെക്രട്ടറി ശേഖരിക്കേണ്ടതാണ്. കൂടാതെ കെട്ടിടത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെ കുറിച്ച് അറിയുന്നതിന് കെട്ടിടത്തിന്റെ പല ദിശകളിൽ നിന്നുള്ള ഫോട്ടോയും ശേഖരിക്കേണ്ടതാണ്.

3. 1-3-2007 മുതൽ എൻ.ഒ.സി. ലഭിച്ചും അല്ലാതെയും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന എല്ലാ കെട്ടിടങ്ങളെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നിർമ്മാണത്തിന്റെ സ്ഥിതി, അന്വേഷണ ഉദ്യോഗസ്ഥൻ (എഞ്ചിനീയർ/ഓവർസീയർ) സ്ഥല പരിശോധന നടത്തി തീയതി സഹിതം സർട്ടിഫൈ ചെയ്യേണ്ടതുമാണ്. ഈ വിവരങ്ങൾ തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ അറിവിലേക്കായി വിവരങ്ങൾ ശേഖരിച്ചതിനു ശേഷം 15 ദിവസത്തിനകം അയയ്ക്കേണ്ടതാണ്. രജിസ്റ്ററിൽ ആവശ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (Appendix-VIII)

4. എൻ.ഒ.സി. ലഭിച്ചതും, എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ കെ.എം.ബി.ആർ. പ്രകാരം നിർമ്മാണാനുമതി വാങ്ങി മാത്രമേ നിർമ്മിക്കുവാൻ പാടുള്ളൂ.

5. എൻ.ഒ.സി. വാങ്ങിച്ചിട്ടുള്ളതും, എന്നാൽ Ground Level-ന് മുകളിലേക്ക് നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ. ബാധമാക്കി പെർമിറ്റ് നൽകി മാത്രമേ നിർമ്മാണം അനുവദിക്കാവൂ.

6. സ്ട്രക്ചറിന്റെ പണി പൂർത്തിയാക്കിയതും എന്നാൽ ഇതുവരെ നമ്പർ ലഭിച്ചിട്ടില്ലാത്തതുമായ കെട്ടിടത്തിന് ഫീസ് ബാധകമായിരിക്കും.

7. ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ പരിശോധിക്കുമ്പോൾ സുരക്ഷാ സംവിധാനത്തിനും, (എമർജൻസി സ്റ്റെയർകേസ്) പാർക്കിംഗിനും സ്ഥലം നൽകിയിട്ടില്ലെങ്കിൽ അവ നടപ്പാക്കുന്നതിന് സ്ഥലം ഉള്ള പക്ഷം സെക്രട്ടറി നടപ്പാക്കേണ്ടതാണ്. മഴവെള്ള കൊയ്ത്തിനും (Rain Water Harvesting) പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

8. പൊതുജനങ്ങളുമായി ബന്ധമുള്ള കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് റാംപ്, ടോയ്‌ലറ്റ്, കാർ പാർക്കിംഗ് എന്നിവ നൽകിയിരിക്കണം.

9. ഖണ്ഡിക II (2)-ലെ കെട്ടിടങ്ങളുടെ വിവരങ്ങൾ കണക്കിലെടുത്ത് ബാക്കിയുള്ള നിർമ്മാണ പ്രവർത്തനത്തിന് സ്ക്രൂട്ടിണി ഫീസ് ഈടാക്കേണ്ടതാണ്.

10. നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എൻ.ഒ.സി. ലഭിച്ചതിലും കൂടുതലായി നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവ കെട്ടിട നിർമ്മാണ ചട്ടത്തിന് അനുസൃതമാണെങ്കിൽ മാത്രം അനുവാദം നൽകാവുന്നതാണ്.

11. ലേ ഔട്ട് അംഗീകാരം കൂടാതെ വലിയ തോതിൽ നിർമ്മാണ പ്രവർത്തനവും, ഭൂമി വികസനവും നടത്തുന്ന പ്ലോട്ടുടമകൾക്ക് നോട്ടീസ് നൽകേണ്ടതും, ഡെവലപ്മെന്റ് പെർമിറ്റും ബിൽഡിംഗ് പെർമിറ്റും വാങ്ങിയ ശേഷം മാത്രം തുടർന്ന് നിർമ്മാണം നടത്തുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് സംശയങ്ങൾ ഉള്ള പക്ഷം ജില്ലാ ടൗൺ പ്ലാനർമാരെ സമീപിക്കേണ്ടതാണ്.

**ടി.കെ.ജോസ്,**
സെക്രട്ടറി,
തദ്ദേശ സ്വയംഭരണ വകുപ്പ്.

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്.
5. സീനിയർ ടൗൺ പ്ലാനർ, വിജിലൻസ്.
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. 695581. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്.)
7. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)

പകർപ്പ് :-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ.ബി., ആർ.സി., വകുപ്പുകൾക്ക്)
തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ.എ.2, ആർ.എ.3) വകുപ്പുകൾക്ക്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം.386 — 10.07.2007-ൽ മറുപടിയ്ക്ക്.

## ഗ്രാമസഭകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി.സി.ജോർജ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭകൾ കൂടുന്നതായി കൃത്രിമ രേഖകൾ ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ബാധകമല്ല. |
| (സി) ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിനും രൂപപ്പെടുത്തുന്നതിനും മുഖ്യമായ പങ്ക് ഗ്രാമസഭകൾക്ക് ഉണ്ട് എന്നത് പരിഗണിച്ച് ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർണ്ണായക പ്രാധാന്യമുള്ള ഗ്രാമസഭകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കുന്നുണ്ട്. 2007-08 വാർഷിക പദ്ധതിയും പതിനൊന്നാം പദ്ധതിയും തയ്യാറാക്കുന്നതിലേയ്ക്ക് ഗ്രാമസഭകളുടെ സംഘാടനം സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ 14.05.2007-ലെ ജി.ഒ. (എം.എസ്) നമ്പർ 128/07/തസ്വഭവ.നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-387. | 10.7.2007-ൽ മറുപടിക്ക്

**ഗുണനിലവാരമില്ലാത്ത ഹെൽമറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുധാകരൻ<br>ശ്രീ.എം.മുരളി | | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | ഗുണനിലവാരമില്ലാത്ത ഹെൽമറ്റുകൾ ഉപയോഗിക്കുന്നതുമൂലം ഉദ്ദേശിക്കുന്ന സുരക്ഷ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഹെൽമറ്റ് നിയമം കർശനമാക്കിയതിനുശേഷം ഹെൽമറ്റ് ധരിച്ച് ഇരുചക്രവാഹനമോടിച്ചിരുന്ന എത്രപേർക്ക് അപകടമരണം സംഭവിച്ചിട്ടുണ്ട്; | ബി) | ശേഖരിച്ചുവരുന്നു |
| സി) | കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ടിലെ 129-ാം വകുപ്പനുസരിച്ച് ഇരുചക്ര വാഹനക്കാരെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാരിന് ചട്ടങ്ങൾ പുറപ്പെടുവിക്കാൻ അധികാരമുണ്ടോ; | സി) | സംസ്ഥാന സർക്കാരിന് യുക്തമെന്ന് തോന്നുന്ന ഇളവുകൾ അനുവദിക്കുവാൻ അധികാരമുണ്ട്. |
| ഡി) | പ്രസ്തുത വ്യവസ്ഥയനുസരിച്ച് എന്തെങ്കിലും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നോ; | ഡി) | ജി.ഒ.(പി)നമ്പർ.46/2003/ഗതാഗതം തീയതി 13.10.2003 പ്രകാരം പിന്നിലിരുന്ന് യാത്രചെയ്യുന്നവരെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഇ) | പ്രസ്തുത വകുപ്പനുസരിച്ച് ഇരുചക്ര വാഹന യാത്രക്കാരെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | ഇരുചക്ര വാഹന യാത്രക്കാരെ മൊത്തത്തിൽ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. കൂടാതെ നിലവിലുള്ള 7/8/2003-ലെ കോടതി ഉത്തരവ് പ്രകാരവും, ഇക്കാര്യത്തിൽ ഇനി പിമ്പോട്ടു പോകുവാൻ സർക്കാരിന് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ

---

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 388 | 10.7.2007-ൽ മറുപടിയ്ക്ക് |
|---|---|

## <u>ആയുർവേദ ഉല്പന്നങ്ങളുടെ ഗുണനിലവാരം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ആയുർവേദ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന എത്ര യൂണിറ്റുകൾ നിലവിലുണ്ട്; | എ) 1255 |
| ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ പ്രത്യേക ലാബറട്ടറി നിലവിലുണ്ടോ; | ബി) പ്രത്യേകം നിലവിലില്ല. |
| സി) ഇല്ലെങ്കിൽ ഈ പരിശോധന നടത്തുന്നത് ഇപ്പോൾ എവിടെയാണ്; | സി) ആയുർവേദ ഔഷധങ്ങൾ നിർമ്മിച്ച് വിപണിയിലിറക്കുന്നതിനുമുൻപ് ഇവ ആയുർവേദ ഫാർമക്കോപ്പിയയിൽ നിർവചിക്കപ്പെട്ടപ്രകാരം ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പു വരുത്തേണ്ടത് ഔഷധ നിർമ്മാതാക്കൾ തന്നെയാണ്. അവരുടെ സ്വന്തം ലാബോറട്ടറിയിലോ, സർക്കാർ ലാബോറട്ടറിയിലോ സർക്കാർ അംഗീകൃത ലാബോറട്ടറിയിലോ ആണ് ഈ പരിശോധന നടത്തുന്നത്. ആയുർവേദ മരുന്നുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ ഗുണനിലവാര പരിശോധന നടത്തിവരുന്നു. |
| ഡി) വളരെയധികം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഈ മേഖലയിൽ ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.389 | 10.7.2007-ൽ മറുപടിയ്ക്ക് |
|---|---|

<u>ഹോമിയോപ്പതി മേഖലയുടെ പുരോഗതിയ്ക്കായി സമഗ്ര പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) ഹോമിയോ ചികിത്സാ മേഖലയുടെ പുരോഗതിയ്ക്കായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) ഹോമിയോ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലും/ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. പി.എസ്.സി.യിൽ ഡോക്ടർമാരുടെ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുള്ളിടങ്ങളിലെല്ലാം താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഈ വകുപ്പിന് കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ദ്രുതകർമ്മ സാംക്രമികരോഗ നിയന്ത്രണ സെൽ (റീച്ച്) മുഖാന്തിരം ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഓരോ ആശുപത്രി പ്രവർത്തിച്ചുവരുന്നു. ഇവിടങ്ങളിൽ ഒ.പി, ഐ.പി വിഭാഗങ്ങളിലായി വളരെ ഫലപ്രദമായ ചികിത്സ നൽകിവരുന്നു. |
| ബി) സർക്കാർ ഹോമിയോ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) ഉണ്ട്. പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ കേരള സർക്കാർ 1999 മുതൽ 2007 വരെ ഹോംകോയ്ക്ക് 196 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേന്ദ്ര ആയുഷ് വകുപ്പിൽനിന്ന് 2004 മുതൽ 2007 വരെ 145 ലക്ഷം രൂപ ഗ്രാന്റ് - ഇൻ-എയ്ഡ് ഇനത്തിൽ ഹോം ഹോംകോയ്ക്ക് ലഭിച്ചു. ഫാർമസിയുടെ വിപുലീകരണത്തിനായി 2006-07 വർഷത്തെ ബഡ്ജറ്റ് വിഹിതമായി ഒരുകോടി രൂപ ഫാർമസിക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 15 ലക്ഷം രൂപയും 2006-07 വർഷം ഫാർമസിക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ നൽകിയിട്ടുണ്ട്. 2007-08 ൽ ഹോംകോയ്ക്ക് വേണ്ടി ഒരു കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ഡി) ഹോമിയോ ചികിത്സാ സമ്പ്രദായം വ്യാപകമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | ഡി) ഹോമിയോ ചികിത്സാ സമ്പ്രദായം വ്യാപകമാക്കുന്നതിലേയ്ക്കായി കേരളത്തിൽ നിലവിൽ ഗവ. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |
| ഇ) ഹോമിയോപ്പതി വകുപ്പിന് കീഴിൽ ഹോമിയോപ്പതി വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഇ) ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ഒരു ഡയറക്ടറേറ്റ് രൂപവത്കരിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 390. 10 . 7 . 2007 ൽ മറുപടിക്ക്

## സ്വകാര്യ ബസ്സുകളിലെ വിദ്യാർത്ഥികളുടെ കൺസെഷൻ

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി.<br>ശ്രീ. സി.ടി. അഹമ്മദ് അലി. | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജൂലൈ 15 മുതൽ സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കില്ലെന്ന കേരള സ്റ്റേറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി)യും (സി) യും.<br>പരിശോധിച്ചുവരുന്നു. |
| സി) ഇതു സംബന്ധമായി ബസ്സ് ഉടമകളുമായി എന്തെങ്കിലും ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | |

സെക്ഷൻഓഫീസർ